بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 1

# ബദർ

വീക്കിലി ഖാദിയാൻ

The weekly **BADAR** Qadian Malayalam

ലക്കം 8

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മാഈൽ

www.akhbarbadrqadian.in

2016 ഏപ്രിൽ 28/ഹി:ശം:1395 ശഹാദത്ത് 28/ഹി:ഖ: 1437 റജബ് 20

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. ഹുദൂർ അൻവർ 2016 മാർച്ച് 25 ന് ലണ്ടനിലെ ബയ്ത്തുൽ ഫുതൂഹ് മസ്ജിദിൽ ഖുത്ബ ജുമുഅ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം പേജ് 3-ൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരിഹീ.

**ഞാൻ എപ്പോഴും അത്ഭുത ദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്, മുഹമ്മദ് എന്ന് പേരുള്ള ഈ അറബി പ്രവാചകൻ (ആയിരമായിരം സ്വലാത്തും സലാമും അവിടത്തെമേൽ വർഷിക്കുമാറാകട്ടെ) എത്രമേൽ ഉൽകൃഷ്ട പദവിയാർന്ന നബിയാണ്! അവിടത്തെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യം തന്നെ! അവിടത്തെ ദിവ്യശക്തി പ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. അഹോ കഷ്ടം! അവിടത്തെ യഥാർഥപദവി അതർഹിക്കുംവിധം അംഗീകരിക്കപ്പെടുമാറായില്ല. ലോകത്തുനിന്നു തികച്ചും അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്ന ആ തൗഹീദ് അഥവാ ഏകദൈവ വിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന വീരാത്മാവ് അവിടന്നത്രെ.**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

ദൈവം സ്വയം പര്യാപ്തനാണ്. ഒരുവന്റേയും ആശ്രയം അവന് ആവശ്യമില്ല. അവൻ പറയുന്നു: ഇന്നല്ലാഹ ഗനിയ്യുൻ അനിൽ ആലമീൻ നിശ്ചയമായും അല്ലാഹു ലോകത്തിലെ ആരുടേയും ഒരുവിധ ആശ്രയവും ആവശ്യമില്ലാത്തവനാണ് (3:98). **വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ** നമ്മുടെ മാർഗത്തിൽ ആരാണോ കഠിന പ്രയത്നം ചെയ്യുന്നത്. നമുക്കുവേണ്ടിയുള്ള അന്വേഷണത്തിൽ അധ്വാനം അതിന്റെ പരമമായ അവസ്ഥവരെ എത്തിക്കുന്നത് നാം അവർക്കുവേണ്ടി നമ്മുടെ മാർഗം കാണിച്ചുകൊടുക്കുകയെന്നത് നമ്മുടെ പ്രകൃതിനിയമമാണ് (29:70). നബിമാരാണ് ദൈവവഴിയിൽ ഒന്നാമതായി ത്യാഗം അർപിക്കുന്നവർ. ഓരോരുത്തരും തങ്ങൾക്കുവേണ്ടി അധ്വാനിക്കുമ്പോൾ അവർ മറ്റുള്ളവർക്കുവേണ്ടി പ്രയത്നിക്കുന്നു. ജനങ്ങൾ ഉറങ്ങുന്നു. ആ ഉറങ്ങുന്നവർക്കുവേണ്ടി അവർ ഉണർന്നിരിക്കുന്നു. ജനങ്ങൾ പൊട്ടിച്ചിരിക്കുന്നു. ആ ചിരിക്കുന്നവർക്കുവേണ്ടി അവർ കരഞ്ഞുകരഞ്ഞു കാലം കഴിക്കുന്നു. ലോകത്തിന്റെ വിമോചനത്തിന് ഓരോ നാശവും സന്തോഷത്തോടെ അവർ വഹിക്കുന്നു. ദൈവം ദിവ്യശക്തിയിലൂടെ തന്റെ സാന്നിധ്യം ജനങ്ങളുടെമേൽ സ്ഥാപിക്കുന്നതിനും സന്നദ്ധഹൃദയങ്ങളിൽ അവന്റെ അസ്തിത്വവും ഏകത്വവും വെളിപ്പെട്ട് അവ മോക്ഷപ്രാപ്തമായിത്തീരുന്നതിനും വേണ്ടിയാണ് അവർ ഇതെല്ലാം ചെയ്യുന്നത്. തങ്ങളെ ജന്മശത്രുവായി കരുതുന്നവരോടുള്ള സഹതാപത്തിൽ അവർ മരിച്ചു ജീവിക്കുന്നു. അവരുടെ വേദന അതിന്റെ പരമകാഷ്ഠയിലെത്തുമ്പോഴുള്ള നെടുവീർപ്പുകളാൽ (അത് സൃഷ്ടികളുടെ മോചനത്തിനുവേണ്ടിയുള്ളതാണ്) ദൈവിക സന്നിധി നിറഞ്ഞു കവിയുന്നു. അപ്പോൾ അല്ലാഹു തന്റെ മുഖത്തിന്റെ തിളക്കം കാണിക്കുകയും ശക്തിമത്തായ ദൃഷ്ടാന്തങ്ങളോടുകൂടി അവന്റെ അസ്തിത്വവും ഏകത്വവും ജനങ്ങളിൽ പ്രകടമാക്കുകയും ചെയ്യുന്നു. ഏക ദൈവവിശ്വാസത്തിന്റേയും ദൈവസാമീപ്യത്തിന്റേയും അനുഭവസമ്പത്ത് ദൈവദൂതന്റെ കോന്തലയിൽനിന്നുതന്നെയാണ് ലോകത്തിന് കിട്ടുന്നതെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഇവരെക്കൂടാതെ ഒരിക്കലുമത് ലഭ്യവുമല്ല. ഇക്കാര്യത്തിൽ അത്യുന്നതമായ മാതൃക കാണിച്ചത് നമ്മുടെ നബിസ്വല്ലല്ലാഹു അലയ്ഹിവസല്ലമയാണ്. മാലിന്യങ്ങളുടെ കൂമ്പാരത്തിനുമേൽ ചമ്രംപടിഞ്ഞിരുന്ന ഒരു ജനതയെ എടുത്ത് മനോഹരമായ പൂന്തോട്ടത്തിൽ അവിടന്നെത്തിച്ചു. ആത്മീയമായ വിശപ്പും ദാഹവുംകൊണ്ട് മരിച്ചു തുടങ്ങിയവരുടെ മുമ്പിൽ ഉന്നത ക്കിടയിലുള്ള ആത്മീയ ഭക്ഷണങ്ങളും പാനീയങ്ങളും വെച്ചുകൊടുത്തു. മൃഗീയാവസ്ഥയിൽനിന്ന് അവരെ മനുഷ്യരാക്കിത്തീർത്തു. എന്നിട്ട് സാധാരണ മനുഷ്യനിൽനിന്ന് സഞ്ചിത സംസ്കാര സമ്പന്നനായ മനുഷ്യനാക്കിമാറ്റി. പിന്നീട് സംസ്കാരസമ്പന്നനായ മനുഷ്യനിൽനിന്ന് സമ്പൂർണമനുഷ്യനാക്കി എടുക്കുകയും ചെയ്തു. ദൈവത്തെ കാണത്തക്കവിധം അവർക്കുവേണ്ടി അടയാളങ്ങൾ കാണിച്ചു. മലക്കുകൾക്ക് കൈകൊടുക്കാൻ അർഹരാക്കിത്തീർക്കുംവിധം അവരിൽ വിപ്ലവമുണ്ടാക്കി. ഈ സ്വാധീനം മറ്റൊരു നബിയിൽനിന്നും തങ്ങളുടെ ജനതയിൽ പ്രകടമായിട്ടില്ല. എന്തുകൊണ്ടെന്നാൽ അവരുടെ സഹവാസം ഇതിന് അപര്യാപ്തമായിരുന്നു. ഞാൻ എപ്പോഴും അത്ഭുത ദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്, മുഹമ്മദ് എന്ന് പേരുള്ള ഈ അറബി പ്രവാചകൻ (ആയിരമായിരം സ്വലാത്തും സലാമും അവിടത്തെമേൽ വർഷിക്കുമാറാകട്ടെ) എത്രമേൽ ഉൽകൃഷ്ട പദവിയാർന്ന നബിയാണ്! അവിടത്തെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യം തന്നെ! അവിടത്തെ ദിവ്യശക്തി പ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല.* അഹോ കഷ്ടം! അവിടത്തെ യഥാർഥപദവി അതർഹിക്കുംവിധം അംഗീകരിക്കപ്പെടുമാറായില്ല. ലോകത്തുനിന്നു തികച്ചും അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്ന ആ തൗഹീദ് അഥവാ ഏകദൈവ വിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന വീരാത്മാവ് അവിടന്നത്രെ. അവിടന്ന് ദൈവത്തോടു അങ്ങേയറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപണം ചെയ്തു. മുമ്പേയുള്ളവരും പിമ്പേയുള്ളവരുമായ സകല പ്രവാചകമാരെക്കാളും ശ്രേഷ്ഠത്വം ദൈവം അദ്ദേഹത്തിനു നല്കുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിനു സാധിപ്പിച്ചു കൊടുക്കുകയും ചെയ്തു. എല്ലാ ഉദാരതയുടേയും ഉത്ഭവസ്ഥാനം അദ്ദേഹം തന്നെയാണ്. അദ്ദേഹത്തിന്റെ ഉദാരത അംഗീകരിക്കാതെ ഏതെങ്കിലും മേന്മ ആരെങ്കിലും അവകാശപ്പെട്ടാൽ അവൻ മനുഷ്യനല്ല. മറിച്ച് ശയ്ത്വാന്റെ സന്തതിയാണ്. കാരണം സകല മേന്മയുടേയും താക്കോൽ അദ്ദേഹത്തിന് നല്കപ്പെട്ടിരിക്കുന്നു. ദിവ്യജ്ഞാനത്തിന്റെ എല്ലാ ഖജനാവുകളും അദ്ദേഹത്തിന് ദാനം ചെയ്യപ്പെട്ടിരിക്കുന്നു. അദ്ദേഹം മുഖേന അത് പ്രാപിച്ചിട്ടില്ലാത്തവൻ എന്നെന്നും അവഗണിക്കപ്പെട്ടവനായിരിക്കും. നാം എന്തു വസ്തുവാണ്? എന്തർഥമാണ് നമുക്കുള്ളത്? ഈ നബി മുഖേനയാണ് യഥാർഥമായ തൗഹീദ് നാം പ്രാപിച്ചതെന്നും, ജീവനുള്ള ദൈവത്തെ നമുക്ക് തിരിച്ചറിയാൻ കഴിഞ്ഞത് പരിപൂർണനായ ഇതേ നബി മുഖേനയാണെന്നും ദൈവത്തിന്റെ ഭാഷണങ്ങൾ ശ്രവിച്ച് അവന്റെ മുഖം കാണാൻ ഭാഗ്യമുണ്ടായത് മഹാനായ ഇതേ നബി മുഖേനയാണെന്നും സമ്മതിക്കുന്നില്ലെങ്കിൽ നാം നന്ദികെട്ടവരായിത്തീരും. ഈ സന്മാർഗസൂര്യന്റെ കിരണങ്ങൾ വെയിലെന്നപോലെ നമ്മളിൽ പതിക്കുന്നു. അതിനുനേരെ നിൽക്കുന്നിടത്തോളം നമുക്ക് പ്രദീപ്തരായിരിക്കാൻ കഴിയും.

* ലോകം അവസാനിക്കാൻ പോകുകയാണ്. എന്നാൽ, ആ സമ്പൂർണനായ നബിയുടെ അത്യുദാരതയുടെ കിരണങ്ങൾ ഇന്നു വരെ അവസാനിച്ചിട്ടില്ലെന്നത് അത്ഭുതകരമായൊരു കാര്യമാണ്. അല്ലാഹുവിന്റെ കലാമായ വിശുദ്ധ ഖുർആന് വിരുദ്ധമാകുമായിരുന്നില്ലെങ്കിൽ ഇന്നും ആകാശത്ത് സ്ഥൂല ശരീരത്തോടെ ജീവിച്ചിരിക്കുന്ന ഒരേയൊരു നബി ഈ നബി മാത്രമാണെന്ന് നമുക്ക് പറയാൻ സാധിക്കുമായിരുന്നു. എന്തുകൊണ്ടെന്നാൽ അദ്ദേഹം ജീവിച്ചിരിക്കുന്നതിന്റെ വ്യക്തമായ ലക്ഷണങ്ങൾ നാം കാണുന്നു. അദ്ദേഹത്തിന്റെ മതം ജീവസുറ്റതാണ്. അദ്ദേഹത്തെ പിന്തുടരുന്നവൻ ജീവനുള്ളവനായിത്തീരുന്നു. അദ്ദേഹം മുഖേന ജീവനുള്ള ദൈവത്തെ കിട്ടുന്നു. അല്ലാഹു അദ്ദേഹത്തേയും അദ്ദേത്തിന്റെ മതത്തേയും അദ്ദേഹത്തെ സ്നേഹിക്കുന്നവരേയും സ്നേഹിക്കുന്നതായി നാം കണ്ടു. ഓർമിച്ചുകൊള്ളുക, യഥാർഥത്തിൽ അദ്ദേഹം ഇന്നും ജീവിക്കുന്നു. ദൈവികസന്നിധിയിൽ എല്ലാവരെക്കാളും ഉന്നതമാണ് അദ്ദേഹത്തിന്റെ സ്ഥാനം. എന്നാൽ, മരിച്ചുപോകുന്ന ഈ ജഡികശരീരത്തോടെയല്ല; മറിച്ച് അനശ്വരമായ മറ്റൊരു ശരീരത്തോടുകൂടി തന്റെ പ്രഭുത്വശാലിയായ ദൈവത്തിന്റെയടുക്കൽ ആകാശത്തിലാണ്.

(ഹഖീഖത്തുൽ വഹ്‌യ് റൂഹാനീ ഖസായിൻ വാല്യം 22 പേജ് 117-119)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

## അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ബൽജിയത്തിൽ നടന്ന ഭീകരാക്രമണത്തെ ശക്തമായി അപലപിച്ചു. ആക്രമണത്തിന് വിധേയമാവർക്കു വേണ്ടി പ്രാർഥിച്ചു.

ആഗോള അഹ്മദിയ്യ മുസ്ലിം ജമാഅത്തിന്റെ അഞ്ചാമത്തെ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ് മദ് ബ്രസിൽസിൽ (ബെൽജിയം) 22-3-2016 നു ഉണ്ടായ ഭീകരാക്രമണത്തെ ശക്തമായ ഭാഷയിൽ അപലിപിക്കുകയുണ്ടായി. ആക്രമണത്തിന് വിധേയമായവരോട് സഹാതാപം പ്രകടിപ്പിച്ചുകൊണ്ട് അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്തു.

അമീറുൽമുഅ്മിനീൻ തന്റെ സന്ദേശത്തിൽ പറഞ്ഞു, ഭീകരവാദികളിൽനിന്നുണ്ടായ മൃഗീയമായ ഈ ആക്രമണത്തിൽ ആഗോള അഹ്മദിയ്യ മുസ്ലിം ജമാഅത്തിനുവേണ്ടി മനസ്സിന്റെ അഗാധതയിൽനിന്ന് ഞങ്ങൾ നിങ്ങളോടൊപ്പമുണ്ടെന്ന് ദുഃഖത്തിന്റെ ഈ നിമിഷത്തിൽ ഞാൻ ബെൽജിയം ജനതയെ അറിയിക്കുകയാണ്. മൃഗീയവും അക്രമപരവുമായ ഈ ആക്രമണത്തെ ശക്തമായി അപലപിക്കുന്നു.

ഇസ്ലാം ഒരു അവസ്ഥയിലും ഇത്തരം ആക്രമണങ്ങൾ നടത്താനോ നിരപരാധികളെ വധിക്കാനോ അനുവാദം നല്കുന്നില്ല. അകാരണമായി ഒരു ജീവനെ കൊല്ലുന്നത് മുഴുവൻ മനുഷ്യ സമൂഹത്തേയും കൊല്ലുന്നതിന് തുല്യമാണെന്ന് വിശുദ്ധ ഖുർആൻ പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ്. ഇസ്ലാമിന്റെ പേരിൽ നിർദയമായ ഈ കുറ്റ കൃത്യം ആരു ചെയ്താലും അവരുടെ പക്കൽ ഒരു ന്യായീകരണവും ഉണ്ടാകുകയില്ല. അവർ ഇസ്ലാമിന് ദുഷ്പേരുണ്ടാക്കുകയാണ്. ലോകസമാധാനം തകർക്കുന്നതിന് ശ്രമിക്കുകയാണ്. അമീറുൽ മുഅ്മിനീൻ പറഞ്ഞു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഞങ്ങളുടെ മനസ്സിന്റെ ആഴത്തിൽനിന്നുയരുന്ന പ്രാർഥനകൾ ഈ ആക്രമണത്തിന് വിധേയരായവരോടൊപ്പമുണ്ട്. വിഷമം സഹിക്കുന്ന എല്ലാവരോടുമൊപ്പമുണ്ട്. ഈ അക്രമം ചെയ്തവരെ എത്രയും വേഗം നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും അവർക്ക് അർഹമായ ശിക്ഷ നല്കാനും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അമീറുൽമുഅ്മിനീന്റെ ഇംഗ്ലീഷിലുള്ള സന്ദേശത്തിന്റെ പൂർണരൂപം താഴെ:

On behalf of the Ahmadiyya Muslim Community worldwide, I express my deepest sympathies and condolences to the Belgian people following the barbaric terrorist attacks that have taken place in Brussels. Such heinous and utterly inhumane attacks must be condemned in the strongest possible terms.

under no circumstances does Islam permit terrorism of any kind or the murder of innocent people. In fact, the Holy Quran has said that of kill even one innocent person is akin th killing all of mankind. therefore, those who commit such atrocities in the name of Islam cen never find any justfication. They are defaming Islam and destroying the people of the world.

Our heartfelt prayers are with the victims of these attacks and all those who have been affected. May the perpetrators of this evil act be promptly brought to justice.”

(അൽഫദ്ൽ ഇന്റർ നാഷണൽ 2016 ഏപ്രിൽ 11 പേജ് 8)

## ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് സംബന്ധിച്ച് അമീറുൽമുഅ്മിനീന്റെ പുതിയ നിർദേശം

അമീറുൽമുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 12-1-2016 ന് ചെയ്ത ഖുത്ബയിൽ പറഞ്ഞു: അബ്ദുല്ലാഹ് ആയിത്തീരുന്നതിനുള്ള കടമകൾ നമ്മൾക്കെങ്ങനെ നിറവേറ്റാൻ കഴിയുമെന്ന് മുമ്പത്തെക്കാളേറെ മനസ്സിലാക്കേണ്ട ആവശ്യമുണ്ട്. നമ്മുടെ പിടിവാശിയും ഈഗോയും ഉപേക്ഷിക്കേണ്ടതാണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. തിരഞ്ഞെടുപ്പിന്റെ അവസരങ്ങളിലും ഇത്തരം ചോദ്യങ്ങൾ ഉയർന്നുകൊണ്ടിരിക്കാറുണ്ട്. ചില ഘട്ടങ്ങളിൽ ചില അവസ്ഥകളിൽ ഭൂരിഭാഗവും വോട്ടിന്നെതിരെ വിധിയെഴുതുകയാണെങ്കിൽ, ഇത്തരം ചോദ്യങ്ങൾ എഴുതിക്കൊണ്ടിരിക്കുന്നു.

ഈ വർഷവും തിരഞ്ഞെടുപ്പിന്റെ വർഷമാണ്. ജമാഅത്ത് തലത്തിൽ ഈ വർഷം തിരഞ്ഞെടുപ്പു നടക്കേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലും എല്ലാവർക്കും തങ്ങളുടെ ചിന്താഗതികൾ ശരിയാക്കേണ്ട ആവശ്യമുണ്ട്. ദുആയ്ക്കുശേഷം എല്ലാ ബന്ധങ്ങളേയും എല്ലാ കുടുംബബന്ധങ്ങളേയും വിട്ടുകൊണ്ട് തങ്ങളുടെ അവകാശം ശരിയായനിലയിൽ ഉപയോഗിക്കേണ്ടതാണ്. നിങ്ങളുടെ വോട്ടു കൊടുക്കുക. അതിനുശേഷം ഉണ്ടാകുന്ന തീരുമാനം അംഗീകരിക്കുക. പൂർണമായും തങ്ങളുടെ വ്യക്തിപരമായ ബന്ധങ്ങൾക്കതീതമായി നിങ്ങളുടെ വിധിയെഴുതുക.

ഉപസംഘടനകളിലും അത്തരം ചോദ്യങ്ങൾ ഉയർന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ രണ്ടുദുവസം മുമ്പേ ഒരു രാജ്യത്ത് മജ്ലിസിലെ ലജ്നയുടെ തിരഞ്ഞെടുപ്പ് നടന്നു. അവിടെനിന്ന് ഇന്നയാളെ എന്തിനാക്കി, ഇന്നയാളെ എന്തുകൊണ്ടു ആക്കിയില്ല എന്നു ചോദിച്ചുകൊണ്ട് എനിക്ക് കത്തുവന്നു. അവരങ്ങനെയാണ്, അവരിങ്ങനെയാണ് എന്നൊക്കെ പറയുകയും ചെയ്തിരിക്കുന്നു. ഇത്തരം വ്യർഥമായ കാര്യങ്ങളിൽനിന്ന് നമ്മൾ രക്ഷപ്പെടേണ്ടതാണ്. ഇത്ര കാലത്തേക്ക് ആരെ ആക്കിയാലും പൂർണമായും അയാൾക്ക് സഹായം നല്കേണ്ടതാണ്. (അൽഫദ്ൽ ഇന്റർ നാഷണൽ 2016 ഏപ്രിൽ 1 പേജ് 13)

## പ്രദർശനപരത ഒരു രോഗമാണ്. അതിന് ഭയാനകമായ ഫലങ്ങളാണുണ്ടാകുന്നത്

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു:'ഉള്ളതുകൊണ്ട് തൃപ്തിപ്പെടലും അലസതയും ദൗർബല്യവുമൊന്നും നന്മയിൽ ഉണ്ടാകാതിരിക്കേണ്ടതാണ്. നമ്മുടെ ജോലി നന്മയിൽ അഭിവൃദ്ധിപ്പെടുക എന്നതാണ്. പക്ഷേ, അതിനോടൊപ്പം പ്രദർശനപരത ഉണ്ടാകാൻ പാടില്ലെന്ന കാര്യം ഓർക്കുക. തങ്ങളുടെ പ്രവർത്തനം പ്രകടമാകണമെന്ന് ഒരുപാടാളുകൾ ആഗ്രഹിക്കുന്നു. അവരുടെ പ്രവർത്തനം ആവർത്തിച്ചാവർത്തിച്ച് പ്രശംസിക്കപ്പെടണം! എന്നാൽ, ഇത് വളരെ മറഞ്ഞിരിക്കുന്ന ഒരു രോഗമാണ്. അതിന് ഭയാനകമായ ഫലങ്ങളാണുണ്ടാകുന്നത്. ഇക്കാര്യം മുബല്ലിഗുമാരിലുമുണ്ട്. അവർ റപ്പോർട്ടെഴുതി അയക്കുന്നു. അത് പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ പത്രക്കാരെ ശകാരിച്ച് കത്തെഴുതുന്നു. പത്രങ്ങളിൽ റിപ്പോർട്ട് പ്രസിദ്ധീകരിക്കേണ്ടത് തങ്ങളുടെ അവകാശമല്ലെ എന്നു ചോദിക്കുന്നു. ഉപദേശപ്രസംഗങ്ങളിലും ഇക്കാര്യമുണ്ട്. ഇതിന്റെ ഫലമായി അവരുടെ മനസ്സിന് തുരുമ്പ് പിടിക്കുന്നു. ഒരുപാട് കമ്മിറ്റികളുണ്ട്. അവരുടെ പ്രവർത്തനം പ്രശംസിക്കപ്പെടണമെന്ന് അവർ ആഗ്രഹിക്കുന്നു. അവർ വലിയ പ്രവർത്തനമാണ് ചെയ്തതെന്ന് ആളുകൾ പറയുന്നതിനുവേണ്ടി തങ്ങളുടെ പ്രവർത്തനം പ്രദർശിപ്പിക്കുന്നു. വാസ്തവത്തിൽ അങ്ങനെ ചെയ്യുന്നവർ ഒന്നും ചെയ്തിട്ടുണ്ടാവില്ല. മറ്റുള്ളവരെ പ്രവർത്തനത്തിന് പ്രേരിപ്പിക്കുന്നതും പ്രവർത്തിക്കുന്നതിനുവേണ്ടി തന്റെ ജോലി കാണിച്ചുകൊടുക്കുന്നതും വേറെ കാര്യമാണ്. എന്നാൽ, മറ്റുള്ളവരുടെ വായിൽനിന്ന് 'വലിയ ജോലിയാണ് ചെയ്തതെന്ന്' പറയുന്നത് കേൾക്കാൻ വേണ്ടി അങ്ങനെ ചെയ്യാൻ പാടില്ല. അതുകൊണ്ട് മുഅ്മിൻ പ്രദർശനപരതയിൽനിന്ന് രക്ഷപ്പെടേണ്ടതാണ്. പ്രദർശനപരതകൊണ്ട് ലഭിക്കുന്നതല്ല ദൈവസാമീപ്യം."(ഖുത്ബാത്തെ മഹ്മൂദ് വാല്യം 5 പേജ് 526-527, അൽഫദ്ൽ ഇന്റർ നാഷണൽ 2016 ഏപ്രിൽ 1 പേജ് 11)

# ഖുത്ബ ജുമുഅ

**മാർച്ച് 23 അഹ്മദിയ്യ ജമാത്തിൽ വളരെ പ്രധാനപ്പെട്ട ദിവസമാണ്. മുസ്ലിം സമുദായത്തോട് അല്ലെങ്കിൽ നബി(സ)തിരുമേനിയോട് അല്ലാഹു ഒരു വാഗ്ദാനം ചെയ്തത് പുലർന്ന ദിവസമാണത്. നബി(സ)തിരുമേനിയുടെ പ്രവചനം പുലർന്നു. ഇസ്ലാമിന്റെ പുനരുദ്ധാരണത്തിന്റെ കാലഘട്ടം ആരംഭിക്കുകയും ചെയ്തു. ഈ ജമാഅത്തിന്റെ പ്രാധാന്യം പരിഗണിച്ച് ജമാഅത്തിൽ യോഗങ്ങൾ നടക്കുന്നു. രണ്ടുദിവസം മുമ്പേയും ധാരാളം യോഗങ്ങൾ നടക്കുകയുണ്ടായി.**
**അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗോദ്ദേശ്യങ്ങളും അവിടത്തെ ജമാഅത്തിന്റെ രൂപീകരണവും ആ ദിവസത്തിന്റെ പ്രാധാന്യത്തേയും കുറിച്ച് വെളിച്ചം വീശുകയുണ്ടായി.**
**അല്ലാഹു നമുക്ക് നബി(സ)തിരുമേനിയുടെ കല്പന അംഗീകരിച്ചുകൊണ്ട് ആഗതരായ വാഗ്ദത്ത മസീഹിനേയും മഹ്ദിയേയും വിശ്വസിക്കുന്നതിനും സലാം എത്തിക്കുന്നതിനും തൗഫീഖ് തന്നതിന് ജമാഅത്തംഗങ്ങൾ അല്ലാഹുവിന് നന്ദിയും പറഞ്ഞു.**
**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങൾ ഉദ്ധരിച്ചുകൊണ്ട് അവിടത്തെ നിയോഗോദ്ദേശ്യങ്ങളുടെ ചർച്ച. അതിന്റെ അടിസ്ഥാനത്തിൽ ജമാഅത്ത് അവരുടെ ചുമതലകൾ നിറവേറ്റാൻ നിർദേശം.**
**കഴിഞ്ഞ ദിവസം മാർച്ച് 23 ഉദ്ധരിച്ചുകൊണ്ട് ചിലയാളുകൾ ഫോണിലും വാട്ട്സ് ആപ്പ് തുടങ്ങിയവയിലും പരസ്പരം മെസേജുകൾ മുഖേന-ഇക്കാലത്തെ രീതിയാണത്-ആശംസകൾ നേരുകയായിരുന്നു.**
**നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുവെന്ന ഉദ്ദേശ്യത്തോടെയാണ് ആശംസകൾ നേർന്നിരുന്നത്. ആ മഹാത്മാവിനെ വിശ്വസിച്ചതുകൊണ്ട് നമ്മൾ ഹിദായത്തു ലഭിച്ച മുസ്ലീംകളിൽ ഉൾപ്പെട്ടുവെന്നും തങ്ങൾ ദീനിന്റെ സഹായികളും അതിന്റെ മേന്മകൾ ലോകത്തു പ്രചരിപ്പിക്കുന്നവരും ആയി എന്ന കാര്യത്തിലാണ് അവർ നന്ദി രേഖപ്പെടുത്തുകയും ആശംസകൾ നേരുകയും ചെയ്തത്.**
**അപ്പോൾ തീർച്ചയായും ഈ ആശംസനേരുന്നത് അത് നേരുന്നവരുടെ അവകാശമായിരുന്നു. അതിൽ ഒരു കുറ്റവുമില്ല. അതിൽ ഒരു അനാചാരവുമില്ല. ഖിലാഫത്തിന്റെ ചവിട്ടടികളെ മറികടക്കാൻ ശ്രമിക്കരുത്. അങ്ങനെ ആരു ചെയ്താലും അവർ തെന്നിപ്പോകുമെന്ന് ഓർമിക്കുക.**
**പരസ്പരം സഹകരിക്കുക. സ്വയേഷ്ടപരമായ കാര്യങ്ങളെ ജമാഅത്തംഗങ്ങളുടെമേൽ അടിച്ചേല്പിക്കാതിരിക്കാനും അല്ലെങ്കിൽ നടപ്പിൽ വരുത്താനും ശ്രമിക്കാതിരിക്കുക.**
**മുസ്ലിഹുദ്ദീൻ സഅ്ദി സാഹിബിന്റെ ഭാര്യ മഹ്മൂദ സഅ്ദി സാഹിബയേയും ചിരാഗ്ദീൻ സാഹിബിന്റെ മകൻ നൂറുദ്ദീൻ ചിരാഗ് സാഹിബിനേയും അബ്ദുൽബാരി സാഹിബ് തഹ്സീൽദാർ ബംഗാളിയുടെ ഭാര്യ സയ്യിദ മുബാറക്ക ബീഗം സാഹിബയേയും അനുസ്മരിക്കുകയും നമസ്കരിക്കുന്നതാണെന്ന് പറയുകയും ചെയ്തു.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2016 മാർച്ച് 25/ഹി:ശം:1395 അമാൻ 25**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - اَلرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

രണ്ടു ദിവസം മുമ്പേ മാർച്ച് 23 ആയിരുന്നു. അഹ്മദിയ്യാ ജമാഅത്തിൽ വളരെ പ്രധാനപ്പെട്ട ദിവസമാണിത്. അല്ലാഹു മുഹമ്മദീ ഉമ്മത്തിനോട് അല്ലെങ്കിൽ നബി(സ) തിരുമേനിയോട് ഒരു വാഗ്ദാനം ചെയ്തത് അന്ന് പൂർത്തിയായി. നബി(സ) തിരുമേനിചെയ്ത പ്രവചനവും പുലർന്നു. ഇസ്ലാമിന്റെ പുനരുദ്ധാരണത്തിന്റെ കാലഘട്ടം ആരംഭിക്കുകയും ചെയ്തു. അല്ലെങ്കിൽ അല്ലാഹു ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി അലയ്ഹിസ്സലാമിന്, ആ ദിവസമാണ് വാഗ്ദത്ത മഹ്ദിയും മസീഹുമാണെന്ന് വിളംബരം ചെയ്യാൻ അനുവാദം കൊടുത്തതെന്നും പറയാവുന്നതാണ്. അദ്ദേഹം അല്ലാഹുവിന്റെ ഏകത്വം ലോകത്ത് സ്ഥാപിക്കുന്നതിന് പ്രമാണങ്ങളും തെളിവുകളും സമർപിക്കണമായിരുന്നു. അതിനോടൊപ്പം ദീനുൽ ഇസ്ലാമിന്റെ വിജയം മുഴുവൻ മതങ്ങളുടെമേലും പരിപൂർണവും തികവുറ്റതുമായ നിലയിൽ സ്ഥാപിക്കേണ്ടതുമുണ്ടായിരുന്നു. അല്ലാഹുവിന്റെ അവസാന നബി ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹി സല്ലല്ലാഹു അലയ്ഹി വ സല്ലമിനോടുള്ള സ്നേഹത്താൽ ഹൃദയങ്ങളെ നിറയ്ക്കണമായിരുന്നു.

അതിനാൽ നമ്മൾ ഇന്ന് വാഗ്ദത്ത മസീഹിന്റെ ജമാഅത്തിൽ ചേർന്ന ഭാഗ്യവാന്മാരാണ്. ഞാൻ പറഞ്ഞതുപോലെ ഈ ദിവസത്തിന് പ്രാധാന്യമുണ്ട്. ഈ ജമാഅത്തിന്റെ പ്രാധാന്യം പരിഗണിച്ച് ജമാഅത്തിൽ യോഗങ്ങൾ നടക്കുന്നു. രണ്ടുദിവസം മുമ്പേയും ധാരാളം യോഗങ്ങൾ നടക്കുകയുണ്ടായി. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗോദ്ദേശ്യങ്ങളും അവിടത്തെ ജമാഅത്തിന്റെ രൂപീകരണവും ആ ദിവസത്തിന്റെ പ്രാധാന്യത്തേയും കുറിച്ച് വെളിച്ചം വീശുകയുണ്ടായി. അല്ലാഹു നമുക്ക് നബി(സ) തിരുമേനിയുടെ കല്പന അംഗീകരിച്ചുകൊണ്ട് ആഗതരായ വാഗ്ദത്ത മസീഹിനേയും മഹ്ദിയേയും വിശ്വസിക്കുന്നതിനും സലാം എത്തിക്കുന്നതിനും തൗഫീഖ് തന്നതിന് ജമാഅത്തംഗങ്ങൾ അല്ലാഹുവിന് നന്ദിയും പറഞ്ഞു.

നമ്മൾ ഓർക്കേണ്ടതാണ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുക എന്നത് സന്തോഷത്തിന്റേയും നന്ദിയുടേയും സ്ഥാനമാണെന്നതുപോലെ അത് നമ്മുടെ ചുമതലകളും വർധിപ്പിക്കുന്നുണ്ട്. അതുകൊണ്ട് നമുക്ക് ആ ചുമതലകൾ തിരിച്ചറിയുകയും അവ നിറവേറ്റുന്നതിലേക്ക് ശ്രദ്ധിക്കുകയും ചെയ്യേണ്ട ആവശ്യമുണ്ട്.

എന്താണ് നമ്മുടെ ചുമതലകൾ? ഹദ്റത്ത് മസീഹ് മൗഊദ്(അ) ഏതൊരു ജോലി നിറവേറ്റുന്നതിനുവേണ്ടിയാണോ നിയോഗിതനായത് ആ ജോലികൾ മുന്നോട്ടുകൊണ്ടുപോകുക എന്നതാണ് നമ്മുടെ ചുമതലകൾ. അപ്പോഴാണ് നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ട് പുതിയ ഭൂമിയും പുതിയ ആകാശവും സൃഷ്ടിക്കുന്നവരിൽ ചേരുന്നവരാകുന്നത്. അതിനാൽ ആ ചുമതലകൾ മനസ്സിലാക്കുന്നതിന് നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ലേക്കു തന്നെ നോക്കേണ്ടിവരും; ആ മഹാത്മാവിന്റെ നിയോഗോദ്ദേശ്യങ്ങൾ എന്തായിരുന്നുവെന്ന്. നമ്മൾ അവ എത്രത്തോളം മനസ്സിലാക്കുകയും നമ്മളിൽ നടപ്പിൽവരുത്തുകയും ചെയ്തു? അതിനെ മുന്നോട്ടു പ്രചരിപ്പിക്കുന്നതിന് നമ്മുടെ പങ്ക് നിറവേറ്റിയോ? അല്ലെങ്കിൽ നിറവേറ്റിക്കൊണ്ടിരിക്കുന്നുണ്ടോ?

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്തു പറയുന്നു: 'ഏതൊരു ജോലിക്കു വേണ്ടിയാണോ അല്ലാഹു എന്നെ നിയോഗിച്ചിട്ടുള്ളത് അത്,

അല്ലാഹുവിനും അവന്റെ സൃഷ്ടികൾക്കുമിടയിലുള്ള ബന്ധത്തിൽ സംഭവിച്ചിരിക്കുന്ന വൈമനസ്യം അകറ്റി സ്നേഹത്തിന്റേയും ആത്മാർത്ഥതയുടേയും ബന്ധത്തെ വീണ്ടും സ്ഥാപിക്കുക എന്നതാണ്.' രണ്ടാമത്തെ കാര്യം 'സത്യം പ്രകടിപ്പിച്ചുകൊണ്ട് മതപരമായ യുദ്ധങ്ങൾ അവസാനിപ്പിച്ച് രഞ്ജിപ്പിന് അടിത്തറയിടുക.' പിന്നീട് 'ജനദൃഷ്ടിയിൽനിന്ന് മറഞ്ഞുപോയ മതപരമായ സത്യങ്ങളെ വെളിപ്പെടുത്തുക.' നാലാമത്തെകാര്യം 'ശരീരേച്ഛയുടെ ഇരുട്ടുകളിൽ അമർന്നുപോയ ആത്മീയതയുടെ മാതൃക കാണിക്കുക.' പിന്നീട് 'മനുഷ്യന്റെ ഉള്ളിൽ കടന്ന് അതീവശ്രദ്ധയും ദുആയും മുഖേന വെളിപെടുന്ന ദൈവത്തിന്റെ ശക്തികളെ വർത്തമാന കാലത്തിലൂടെ - വെറും ഭൂതകാലത്തിലൂടെയല്ല- വിവരിക്കുക. എല്ലാത്തിനെക്കാളുമുപരിയായി ആ നിഷ്കളങ്കവും തിളക്കമാർന്നതുമായ തൗഹീദിന്റെ- അത് എല്ലാ ഓരോ ശിർക്കിന്റേയും മാലിന്യത്തിൽനിന്ന് മുക്തമാണ്- ചെടി വീണ്ടും ജനതയിൽ ശാശ്വതമായി നടുക. ഇത് എന്റെ ശക്തികൊണ്ടൊന്നും ഉണ്ടാകുകയില്ല. പ്രത്യുത ആകാശത്തിന്റേയും ഭൂമിയുടേയും ഉടയവനായ ദൈവത്തിന്റെ ശക്തിയിലാണുണ്ടാകുക.'

ഈ ഉദ്ധരണിയിൽ അടിസ്ഥാനപരവും സുപ്രധാനവുമായ 7 കാര്യങ്ങൾ വിവരിക്കപ്പെട്ടിരിക്കുന്നു. അത് ഇക്കാലത്തിന്റെ ആവശ്യമാണ്. അതിന്റെ സംഗ്രഹം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ഉദ്ധരണിയിൽ പറഞ്ഞിരിക്കുന്നു. അവിടന്ന് ഈ പണിക്കുവേണ്ടി അല്ലാഹുതന്നെ അയച്ചിരിക്കുന്നുവെന്ന് പറഞ്ഞപ്പോൾ അതിന്റെ ഉദ്ദേശ്യം അദ്ദേഹത്തെ വിശ്വസിക്കുന്നവർ ഇക്കാര്യങ്ങളെ തങ്ങളുടെ ഉള്ളിൽ സൃഷ്ടിച്ച്, ഇസ്‌ലാമിന്റെ മനോഹാരിതയും അത് ജീവനുള്ള മതമാണെന്നതിനേയും ലോകത്തിനു കാണിച്ചുകൊടുക്കുക എന്നതാണെന്ന് വ്യക്തമാണ്. അതുകൊണ്ട് നമ്മുടെ ഒന്നാമത്തേതും ഏറ്റവും വലുതുമായ നിർബന്ധകടമ അല്ലാഹുവുമായിട്ടുള്ള ബന്ധം വർധിപ്പിക്കുക, അത് ശക്തിപ്പെടുത്തുക എന്നതാണ്. അല്ലാഹുവിനോടും അവന്റെ റസൂലിനോടും അവന്റെ ദീനിനോടുമുള്ള ബന്ധത്തിലും സ്നേഹത്തിലും ആത്മാർഥതയിലും വളരുക എന്നതാണ്. വാഗ്ദത്ത മസീഹിന്റെ വരവോടെ മതപരമായ യുദ്ധങ്ങൾ അവസാനിച്ചുകഴിഞ്ഞിരിക്കുന്നുവെന്ന് ലോകത്തോടു പറയുകയാണ് ഒരു ഉദ്ദേശ്യം. ഇപ്പോൾ ലോകത്തെ ഒരൊറ്റ സമുദായമാക്കുന്നതിനുവേണ്ടി അയച്ചിട്ടുള്ളത് സകല നബിമാരുടേയും വസ്ത്രത്തിൽവന്ന നബി(സ) തിരുമേനിയുടെ ഈ സത്യദാസനെയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മിഷൻ അനുസരിച്ച് ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനവും അതിന്റെ സത്യതയും നമ്മൾ ലോകത്തിനുമേൽ വ്യക്തമാക്കണം. അതിനുവേണ്ടി നമുക്ക് നമ്മുടെ കർമങ്ങളേയും മാതൃകായോഗ്യമാക്കേണ്ടതുണ്ട്. ആത്മീയതയിൽ അഭിവൃദ്ധിപ്പെടുന്ന മാതൃകയും നമുക്ക് സ്ഥാപിക്കേണ്ടിവരും. നമ്മുടെ ശരീരേച്ഛകളെ അകറ്റേണ്ടിവരും. ആ അല്ലാഹു മുമ്പേ ദുആകൾ കേട്ടിരുന്നതുപോലെ, തന്റെ പ്രത്യേക ദാസന്മാർക്കും ദൂതന്മാർക്കും ഉത്തരം നല്കിയിരുന്നതുപോലെ ഇന്നും നല്കുന്നുവെന്ന് ലോകത്തിനു കാണിച്ചുകൊടുക്കേണ്ടതാണ്. തന്റെ വരിഷ്ഠരായ ദാസരുടെ ഹൃദയങ്ങൾക്ക് സമാധാനത്തിനുള്ള സാഹചര്യവും അവൻ ഒരുക്കികൊടുക്കുന്നു. അല്ലാഹു ഏകനും തനിച്ചുള്ളവനുമാണെന്ന് നമുക്ക് ലോകത്തോടു പറയണം. എല്ലാ വസ്തുക്കളും നശിക്കുന്നതും അവസാനിക്കുന്നതുമാണ്. അവന്റെ അസ്തിത്വം മാത്രമാണ് അനാദിയായിട്ടുള്ളതും അനാദിയായി നിലനില്ക്കുന്നതും. അതുകൊണ്ട് ഏകനും തനിച്ചിരിക്കുന്നവനും അനശ്വരനുമായ അല്ലാഹുവുമായി ചേർന്നിരിക്കുന്നതിലാണ് നമ്മുടെ ഭാവി.

മാർച്ച് 23 നമ്മൾ മസീഹ് മൗഊദ് ദിനമായി കൊണ്ടാടുന്നു. അപ്പോൾ ഇക്കാര്യങ്ങൾ നമ്മൾ വിലയിരുത്തുകയും വേണ്ടതാണ്; ഇക്കാര്യങ്ങളെല്ലാം ലോകത്ത് ഉണ്ടാക്കുന്നതിനുവേണ്ടിയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആഗതനായിട്ടുള്ളത്. ആ മഹാത്മാവിനെ വിശ്വസിക്കുന്ന നമ്മളിൽ ഇക്കാര്യങ്ങൾ ഉണ്ടായിട്ടുണ്ടോ? നമ്മൾ ഈ വിപ്ലവം നമ്മുടെ ഉള്ളിൽ ഉണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ടോ?

മറ്റു ഒരുപാട് സ്ഥലങ്ങളിലും ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ നിയോഗോദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും വിശദമായി വിവരിച്ചിട്ടുണ്ട്. ആ മഹാത്മാവിന്റെ ചില ഉദ്ധരണികൾ ഞാൻ സമർപ്പിക്കുകയാണ്. ഒരവസരത്തിൽ അവിടന്ന് പറഞ്ഞു: 'ഇന്ന് നിലവിലുള്ള മതങ്ങളിൽ, വിശുദ്ധഖുർആൻ കൊണ്ടുവന്നിരിക്കുന്ന മതം മാത്രമാണ് സത്യത്തിലും അല്ലാഹുവിന്റെ തൃപ്തിയനുസരിച്ചുമുള്ളതെന്ന സന്ദേശം അല്ലാഹുവിന്റെ സൃഷ്ടികൾക്ക് എത്തിക്കുന്നതിനുവേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. മോക്ഷത്തിന്റെ ഭവനത്തിൽ പ്രവേശിക്കുന്നതിനുള്ള കവാടം ലാഇലാഹഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് ആകുന്നു.'(മൽഫൂദാത്ത് വാല്യം 2 പേജ് 132, 1985 ലണ്ടൻ പതിപ്പ്)

പിന്നീട് ഒരവസരത്തിൽ അവിടന്ന് പറഞ്ഞു: 'ഇക്കാര്യവും മനസ്സുകൊണ്ട് കേൾക്കുക. എന്റെ നിയോഗത്തിന്റെ അടിസ്ഥാനപരമായ നിദാനം എന്താണ്? ലക്ഷ്യമെന്താണ്? അടിസ്ഥാനപരമായ ഉദ്ദേശ്യമെന്താണ്? എന്റെ വരവിന്റെ ഉദ്ദേശ്യവും ലക്ഷ്യവും ഇസ്‌ലാമിനെ പരിഷ്കരിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതാണ്. ഇതിൽനിന്ന് ഏതെങ്കിലും പുതിയ ശരീഅത്ത് പഠിപ്പിക്കുന്നതിനോ, കല്പിക്കുന്നതിനോ അല്ലെങ്കിൽ പുതിയ ഗ്രന്ഥം ഇറക്കുന്നതിനോ ഞാൻ വന്നിരിക്കുന്നുവെന്ന് ആരും മനസ്സിലാക്കരുത്. ഒരിക്കലുമല്ല. ആരെങ്കിലും അങ്ങനെ കരുതുന്നുവെങ്കിൽ എന്റെ പക്കൽ അയാൾ അങ്ങേയറ്റം വഴിപിഴച്ചവനും നിർമതനുമാണ്. നബി(സ) തിരുമേനിയ്ക്കുമേൽ ന്യായപ്രമാണപരമായ നുബുവ്വത്ത് സമ്പൂർത്തീകരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇനിയൊരു ശരീഅത്തും വരികയില്ല. വിശുദ്ധഖുർആൻ ഗ്രന്ഥങ്ങളിൽ ശ്രേഷ്ഠമാണ്. അതിൽ ഒരു വള്ളിക്കോ പുള്ളിക്കോ ഏറ്റക്കുറച്ചിലുകൾക്കിടയില്ല. എന്നാൽ. നബി(സ) തിരുമേനിയുടെ അനുഗ്രഹങ്ങളുടേയും കൃപാവരങ്ങളുടേയും വിശുദ്ധഖുർആന്റെ അധ്യാപനങ്ങളുടേയും സന്മാർഗത്തിന്റേയും ഫലങ്ങൾ അവസാനിച്ചിട്ടില്ലെന്നത് സത്യമാണ്. അത് എക്കാലത്തും നവംനവമായി നിലകൊള്ളുന്നു. ആ കൃപാവരങ്ങളുടേയും അനുഗ്രഹങ്ങളുടേയും തെളിവിനായി അല്ലാഹു എന്നെ എഴുന്നേല്പിച്ചിരിക്കുന്നു.' ഇസ്‌ലാമിന്റെ ഇപ്പോഴത്തെ അവസ്ഥ ആരിൽനിന്നും മറഞ്ഞതല്ല. എല്ലാ തരത്തിലുള്ള ദൗർബല്യങ്ങൾക്കും അധഃപതനത്തിനും മുസ്‌ലീംകൾ കുറിമാനം ആയിക്കൊണ്ടിരിക്കുന്നുവെന്ന് ഐകകണ്ഠ്യേന സമ്മതിച്ചു കഴിഞ്ഞിരിക്കുന്നു. എല്ലാ വശങ്ങളിലും അവർ വീണുകൊണ്ടിരിക്കുകയാണ്. അവരുടെ നാവുകൂടെയുണ്ടെങ്കിൽ ഹൃദയമില്ല. ഇസ്‌ലാം യതീമായി കഴിഞ്ഞിരിക്കുന്നു. അത്തരം അവസ്ഥയിലാണ് അതിനെ സഹായിക്കാനും സംരക്ഷിക്കാനും വേണ്ടി അല്ലാഹു എന്നെ അയച്ചിരിക്കുന്നത്. കാരണം *ഇന്നാ നഹ്നു നസ്സൽദ്ദിക്‌റ വ ഇന്നാ ലഹൂ ലഹാഫിളൂൻ* എന്ന് അവൻ പറഞ്ഞിരുന്നതാണ്.(15:10)അതായത് നാം തന്നെയാണ് ഈ പ്രബോധനത്തെ ഇറക്കിയത്. നാം തന്നെ ഇതിനെ സംരക്ഷക്കുന്നതാണ്. (വിശുദ്ധ ഖുർആന്റെ അധ്യാപനം പ്രചരിപ്പിക്കുന്നതിനും അതിനെ സംരക്ഷിക്കുന്നതിനും അല്ലാഹു താൻതന്നെ ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്നു. ഈ ഉദ്ദേശ്യത്തിനായി വാഗ്ദത്ത മസീഹിനെ അയച്ചു.)

അദ്ദേഹം പറയുന്നു: 'ഈ നേരത്ത് സംരക്ഷിക്കുകയും സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്തില്ലായിരുന്നെങ്കിൽ മറ്റേതു സമയമാണ് വരാൻ പോകുന്നത്? ബദ്റിന്റെ അവസരത്തിലുണ്ടായി കഴിഞ്ഞിരുന്ന അതേ അവസ്ഥ തന്നെയാണ് 14-ാം നൂറ്റാണ്ടിലും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതിനെ സംബന്ധിച്ച് അല്ലാഹു പറയുന്നു:*വലഖദ് നസ്വറക്കുമുല്ലാഹു ബിബദ്‌റിൻ വ അൻതും അദില്ല*(3:124)(ബദ്ർ യുദ്ധത്തിൽ നിങ്ങൾ ബലഹീനരായിരിക്കെ അല്ലാഹു തീർച്ചയായും നിങ്ങളെ സഹായിച്ചു കഴിഞ്ഞിട്ടുണ്ട്). പറഞ്ഞു, ഈ ആയത്തിലും യഥാർഥത്തിൽ ഒരു പ്രവചനം അടങ്ങിയിരിക്കുന്നു. അതായത് 14-ാം നൂറ്റാണ്ടിൽ ഇസ്‌ലാം ബലഹീനവും ദുർബലവും ആകുമ്പോൾ അല്ലാഹു അതിനെ സംരക്ഷിക്കുമെന്ന് പറഞ്ഞ വാഗ്ദാനമനുസരിച്ച് അതിനെ സഹായിക്കുന്നതാണ്. അങ്ങനെ അവൻ ഇസ്‌ലാമിനെ സഹായിച്ചപ്പോൾ നിങ്ങളെന്തിനാണ് അത്ഭുതപ്പെടുന്നത്? എന്നെ ദജ്ജാലെന്നും പെരുങ്കള്ളനെന്നും വിളിക്കുന്നതിലും എന്റെമേൽ അപവാദം പറഞ്ഞു പരത്തുന്നതിലും എനിക്ക് വിഷമമൊന്നുമില്ല. കാരണം ഞാനും ആ പുരാതനമായ നടപടിയിൽ ഭാഗഭാക്കാകുന്നതിന് എനിക്കുമുമ്പേ വന്ന ദൈവദൂതന്മാരോടു ചെയ്തതെല്ലാം എന്നോടും ചെയ്യേണ്ടത് നിർബന്ധമായിരുന്നു."(മൽഫൂദാത്ത് വാല്യം 8 പേജ് 245-246 1985 ലണ്ടൻ പതിപ്പ്)

ഒരവസരത്തിൽ വാഗ്ദത്ത മസീഹിന്റെ നിയോഗോദ്ദേശ്യം വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: 'എന്റെ വരവിന് രണ്ടുദ്ദേശ്യമുണ്ട്. മുസ്‌ലിംകൾക്കുള്ളത് ഇതാണ്. യഥാർഥ തഖ്‌വയിലും പരിശുദ്ധിയിലും നിലകൊള്ളുക. അല്ലാഹു മുസൽമാന്റെ ആശയം ആഗ്രഹിച്ചതുപോലെയുള്ള സത്യസന്ധനായ മുസൽമാനാകുക. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം കുരിശിനെ ഉടയ്ക്കുകയും അവരുടെ കൃത്രിമദൈവം മറഞ്ഞുപോകുകയും ലോകം അദ്ദേഹത്തെ തികച്ചും മറക്കുകയും അവർ ഏകനായ അല്ലാഹുവിനെ ആരാധിക്കുകയും വേണം. എന്റെ ഈ ഉദ്ദേശ്യങ്ങൾ കണ്ടുകൊണ്ട് ഇവർ എന്തിനാണ് എന്നെ എതിർക്കുന്നത്. സ്വാഭാവികമായ കപടതയോടും ദുൻയാവിലെ വൃത്തികെട്ട ജീവിതത്തോടും കൂടി ചെയ്യുന്ന പ്രവൃത്തി സ്വയം ആ വിഷത്താൽ നശിച്ചൊടുങ്ങുന്നതാണെന്ന് അവർ ഓർമിക്കേണ്ടതാണ്. വ്യജവാദിക്ക് എപ്പോഴെങ്കിലും വിജയിക്കാൻ കഴിയുമോ? *ഇന്നല്ലാഹ ലാ യഹ്ദീ മൻ ഹുവ മുസ്‌രിഫുൻ കദ്ദാബ്* (23:29) (അതായത് തീർച്ചയായും അല്ലാഹു അതിരു കടക്കുന്നവനേയും വ്യാജവാദിയേയും ഒരിക്കലും വിജയിപ്പിക്കുകയില്ല.) പറഞ്ഞു: പെരുങ്കള്ളന്റെ നാശത്തിന് അവന്റെ കളവുതന്നെ മതിയായതാണ്. പക്ഷേ, ഏതൊരു പ്രവൃത്തി അല്ലാഹുവിന്റെ പ്രതാപത്തിനും അവന്റെ റസൂലിന്റെ ബർക്കത്തിന്റെ വെളിപ്പെടലിനും തെളിവിനുമായിട്ടുള്ളതാണെങ്കിൽ, അല്ലാഹു അവന്റെ സ്വന്തം കൈയാൽ നട്ട ചെടിയാണെങ്കിൽ പിന്നീട് അതിനെ സംരക്ഷിക്കുന്നത് മലക്കുകൾ തന്നെയായിരിക്കും. ആർക്കാണ് അതിനെ ഇല്ലായ്മ ചെയ്യാൻ കഴിയുക? ഓർമിക്കുക. എന്റെ ജമാഅത്ത് വെറും വാണിജ്യപരമാണെങ്കിൽ, അതിന്റെ പേരും അടയാളവും മാഞ്ഞുപോകുന്നതാണ്. എന്നാൽ, അല്ലാഹുവിൽനിന്നുള്ളതാണെങ്കിൽ- തീർച്ചയായും അത് അല്ലാഹുവിൽനിന്നുള്ളതാണ്- അതിനെ നശിപ്പിക്കാൻ മുഴുലോകവും എതിർത്താലും അതു വളരുകയും വ്യാപിക്കുകയും മലക്കുകൾ അതിനെ സംരക്ഷിക്കുകയും ചെയ്യുന്നതാണ്. (ഇൻശാഅല്ലാഹ്) ഒരാൾപോലും എന്റെ കൂടെയില്ലെങ്കിലും ആരുമെന്നെ സഹായിച്ചില്ലെങ്കിലും ഈ ജമാഅത്ത് വിജയി

ക്കുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. എതിർപ്പിനെ ഞാൻ വകവെക്കുന്നില്ല. അതിനേയും എന്റെ ജമാഅത്തിന്റെ അഭിവൃദ്ധിക്ക് അനിവാര്യമായി ഞാൻ മനസ്സിലാക്കുന്നു. അല്ലാഹുവിന്റെ ഏതെങ്കിലും ഒരു ദൂതനും ഖലീഫയും ലോകത്ത് വരികയും ജനങ്ങൾ നിശബ്ദരായി അവരെ വിശ്വസിക്കുകയും ചെയ്തിട്ടുള്ള ചരിത്രം ഒരിക്കലുമുണ്ടായിട്ടില്ല. ലോകത്തിന്റെ അവസ്ഥ അത്ഭുതകരമായിട്ടുള്ളതാണ്. മനുഷ്യൻ എത്രമാത്രം സത്യസന്ധമായ പ്രകൃതി ഉൾക്കൊള്ളുന്നവനാണെങ്കിലും മറ്റുള്ളവർ അവന്റെ പിന്നിൽനിന്ന് മാറുകയില്ല. അവർ ആക്ഷേപം ഉന്നയിച്ചുകൊണ്ടേയിരിക്കുന്നു.'(മൽഫൂദാത്ത് വാള്യം 8 പേജ് 148 1985 ലണ്ടൻ പതിപ്പ്)

ഇന്ന് 127 വർഷം പിന്നിട്ടതിനുശേഷവും നമ്മൾ കാണുന്നത് അല്ലാഹുവിന്റെ സഹായങ്ങൾ ആ മഹാത്മാവിനോടൊപ്പം ഉള്ളതാണ്. ഈ ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. അതുകൊണ്ട് നമ്മൾ നമ്മുടെ അവസ്ഥകളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കിക്കൊണ്ട് നമ്മളെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ദേശ്യങ്ങൾ കരസ്ഥമാക്കുന്നതിൽ സഹായികളാകേണ്ടതാണ്. ആ കൃപാവരത്തിൽനിന്ന് വിഹിതം പ്രാപിക്കേണ്ടതാണ്. അവിടത്തെ നിയോഗത്തിന്റെ ഉദ്ദേശ്യവും ആ മഹാത്മാവിനെ വിശ്വസിക്കുന്നതുകൊണ്ട് സഫലമാകുന്നു. അവിടന്ന് പറഞ്ഞതുപോലെ ആ മഹാത്മാവിന് നമ്മുടെ ആരുടേയും ആവശ്യമില്ല. അല്ലാഹു സ്വയം മലക്കുകൾ മുഖേന സഹായിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ജമാഅത്തിന് അഭിവൃദ്ധി നല്കുന്നതാണ്; നല്കിക്കൊണ്ടിരിക്കുന്നുമുണ്ട്.

വീണ്ടും തന്റെ നിയോഗോദ്ദേശ്യം വിവരിച്ചുകൊണ്ട് ഒരവസരത്തിൽ പറഞ്ഞു: 'മറയടക്കപ്പെട്ടുപോയിരുന്ന ഖജനാവുകൾ ലോകത്ത് വെളിപ്പെടുത്തുന്നതിനുവേണ്ടിയും ആ തിളങ്ങുന്ന മുത്തുകളുടെമേൽ വാരിവിതറപ്പെട്ട അവിശുദ്ധമായ ആക്ഷേപങ്ങളുടെ ചെളികളിൽനിന്ന് അവയെ പരിശുദ്ധമാക്കുന്നതിനുവേണ്ടിയും അല്ലാഹു എന്നെ നിയോഗിച്ചു. എല്ലാ ഓരോ വൃത്തികെട്ട ശത്രുവിന്റേയും ആക്ഷേപങ്ങളുടെ കളങ്കങ്ങളിൽനിന്നും വിശുദ്ധഖുർആന്റെ ബഹുമാന്യതയെ പരിശുദ്ധവും പവിത്രവുമാക്കിവെക്കുന്നതിന് അല്ലാഹുവിന്റെ ആത്മാഭിമാനം ഇപ്പോൾ ആവേശത്തള്ളിച്ചയിലാണ്. ചുരുക്കത്തിൽ എതിരാളികൾ തൂലികകൊണ്ട് നമ്മുടെമേൽ ആക്രമണം നടത്താനാഗ്രഹിക്കുമ്പോൾ- അവർ ആക്രമിച്ചുകൊണ്ടിരിക്കുന്നുമുണ്ട്- നമ്മൾ കയ്യാങ്കളികൊണ്ട് അതിനെ നേരിടാൻ തുനിയുകയാണെങ്കിൽ എത്രമാത്രം വിഡ്ഢിത്തമായിരിക്കുമത്. ഞാൻ നിങ്ങളോടു തുറന്നുപറയുകയാണ്. അത്തരം പരിതഃസ്ഥിതിയിൽ ആരെങ്കിലും ഇസ്‌ലാമിന്റെ പേരെടുത്തുകൊണ്ട് അടിപിടിയുടെ മാർഗം സ്വീകരിക്കുകയാണെങ്കിലും അവൻ ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കുന്നവനായിരിക്കും. അർഥരഹിതവും അനാവശ്യവുമായി വാളെടുക്കുക എന്നത് ഒരിക്കലും ഇസ്‌ലാമിന്റെ ഉദ്ദേശ്യമായിരുന്നില്ല. ഇപ്പോൾ യുദ്ധങ്ങളുടെ ഉദ്ദേശ്യം ഞാൻ പറഞ്ഞതുപോലെ കരവിരുതിന്റെ രൂപത്തിൽവന്ന് മതപരമായിട്ടുള്ളതല്ലാതായിരിക്കുന്നു. മറിച്ച് ഭൗതികോദ്ദേശ്യം അവയുടെ മുഖ്യവിഷയമായിരിക്കുന്നു. അതുകൊണ്ട് ആക്ഷേപം ഉന്നയിക്കുന്നവർക്ക് മറുപടി നല്കാതെ വാള് കാണിക്കുന്നത് എത്രമാത്രം അക്രമമായിരിക്കും. ഇപ്പോൾ കാലത്തിനോടൊപ്പം യുദ്ധത്തിന്റെ വഴിയും മാറിയിരിക്കുന്നു.(യുദ്ധത്തിന്റെ വഴിതന്നെ മാറിയിരിക്കുന്നു).

അതുകൊണ്ട് ഏറ്റവുമാദ്യം നമ്മുടെ മനസ്സുകൊണ്ടും ബുദ്ധികൊണ്ടും പ്രവർത്തിക്കേണ്ട ആവശ്യമാണുള്ളത്. ആത്മാവിനെ ശുദ്ധീകരിക്കുക. വിശ്വസ്തതയോടും തഖ്‌വയോടുംകൂടി അല്ലാഹുവിൽനിന്ന് സഹായങ്ങളും വിജയവും തേടുക. ഇത് അല്ലാഹുവിന്റെ ഒരു ഖണ്ഡിതമായ നിയമവും പ്രബലമായ ചട്ടവുമാണ്. മുസ്‌ലീംകൾ വെറും വാചക കസറത്തുകൾകൊണ്ടും അതുപോലുള്ള മറ്റു കാര്യങ്ങൾകൊണ്ടും ലക്ഷ്യം നേടാനും വിജയം കരസ്ഥമാക്കാനും ആഗ്രഹിക്കുന്നെങ്കിൽ, അത് അസംഭാവ്യമാണ്. അല്ലാഹു വാചകക്കസർത്തുകളും വാക്കുകളുമല്ല ആഗ്രഹിക്കുന്നത്, അവൻ യഥാർഥ തഖ്‌വയാണ് ആഗ്രഹിക്കുന്നത്. സത്യസന്ധമായ പരിശുദ്ധിയാണ് ഇഷ്ടപ്പെടുന്നത്. *ഇന്നല്ലാഹ മഅല്ലദീനത്തഖൗ വല്ലദീനഹും മുഹ്സിനൂൻ.*'(16:129)-സൂക്ഷ്മത കൈക്കൊള്ളുകയും നന്മ ചെയ്യുകയും ചെയ്യുന്നവരാരോ തീർച്ചയായും അല്ലാഹു അവരുടെ കൂടെയാകുന്നു.(മൽഫൂദാത്ത് വാള്യം 1 പേജ് 60-61 1985 ലണ്ടൻ പതിപ്പ്)

ഈ തഖ്‌വയാണ്, നമ്മൾ നമ്മുടെ ഉള്ളിലുണ്ടാക്കി ഇസ്‌ലാമിന്റെ മനോഹര അധ്യാപനം ലോകത്തിന് പറഞ്ഞുകൊടുക്കേണ്ടത്. ഇസ്‌ലാമിന്റെ വ്യാപനം തഖ്‌വയുമായി നിബന്ധിതമാണെന്ന് മുസ്‌ലിംകളോടും പറയണം. അതിനാൽ ആക്രമണത്തിനും കയ്യേറ്റത്തിനും മുതിരുന്നതിനുപകരം തഖ്‌വ ഉണ്ടാക്കുക. തഖ്‌വയിൽ അഭിവൃദ്ധിപ്പെടുക. ഇസ്‌ലാമിന്റെ പേരിൽ നടക്കുന്ന ഈ ആക്രമണങ്ങൾ ഇതു ഇസ്‌ലാമിനെ സഹായിക്കുന്നതല്ല. പ്രത്യുത ദുഷ്പ്പേരിനുള്ള മാർഗമാണ്. നിരപരാധികളെ വധിക്കുന്നത് അല്ലാഹുവിന്റെ വെറുപ്പിനുള്ള മാർഗമായിത്തീരുന്നു.'

കഴിഞ്ഞ ദിവസം ബൽജിയത്തിൽ നിരപരാധികളെ വധിക്കുകയുണ്ടായി. ഈ ഭീകരാക്രമണത്തിൽ ഡസൻകണക്കിന് നിരപരാധികളാണ് വധിക്കപ്പെട്ടത്. നൂറുക്കണക്കിനാളുകൾക്ക് പരിക്കേറ്റു. ഇതൊരിക്കലും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതായിരിക്കുകയില്ല. ഇക്കാലഘട്ടത്തിൽ ദീനിനുവേണ്ടി കൊല്ലും കൊലയും നടത്തുന്നത് ഹറാമാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(റ) തുറന്നുപറയുകയുണ്ടായി. ഈ പ്രവർത്തനങ്ങൾ അല്ലാഹുവിന്റെ വെറുപ്പിന് കാരണമായിത്തീരുന്നു.' തങ്ങൾക്ക് ഈ സന്ദേശം കിട്ടിയിട്ടില്ലെന്ന് ഇക്കാലത്ത് ആർക്കും പറയാൻ പറ്റുകയില്ല. ഇപ്പോൾ മതത്തിനുവേണ്ടി യുദ്ധം ചെയ്യുന്നത് നിഷിദ്ധമാണെന്നുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം വ്യക്തമായും എല്ലാ ഓരോരുത്തരും അറിയുന്നവരാണ്. ദീനിന്റെ പേരിൽ അക്രമം നടത്തുന്നവർക്കും മുസ്‌ലിംകളായിക്കൊണ്ട് ദ്രോഹം ചെയ്യുന്നവർക്കും അല്ലാഹു ബുദ്ധി നല്കുമാറാകട്ടെ. ഭരണകൂടങ്ങളാണെങ്കിലും സംഘങ്ങളാണെങ്കിലും കാലത്തിന്റെ ഇമാമിന്റെ ശബ്ദം കേൾക്കാനും അക്രമങ്ങളിൽനിന്നു പിൻമാറാനും അവർക്ക് ബുദ്ധി നല്കുമാറാകട്ടെ. ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നല്കപ്പെട്ടിരിക്കുന്ന ആ യഥാർഥമായ ആയുധം ഉപയോഗിക്കുന്നവരാകട്ടെ.

അവിടന്ന് ഒരിടത്ത് പറയുന്നു: 'ഇക്കാലത്ത് വാളിന്റെ ആവശ്യമില്ലെന്ന് തീർച്ചയായും മനസ്സിലാക്കിക്കൊള്ളുക. മറിച്ച് തൂലികയാണ് ആവശ്യം. നമ്മുടെ എതിരാളികൾ ഇസ്‌ലാമിന്റെമേൽ സന്ദേഹങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. വിവിധ ശാസ്ത്രങ്ങളുടേയും കണ്ടുപിടിത്തങ്ങളുടേയും അടിസ്ഥാനത്തിൽ അല്ലാഹുവിന്റെ സത്യമതത്തിനുമേൽ ആക്രമണം നടത്താനും ആഗ്രഹിക്കുന്നു. ഞാൻ തൂലികായുധം അണിഞ്ഞുകൊണ്ട് ഈ ശാസ്ത്രത്തിന്റേയും കണ്ടുപിടിത്തങ്ങളുടേയും നേട്ടങ്ങളുടെ രണാങ്കണത്തിൽ ഇറങ്ങാനും ഇസ്‌ലാമിന്റെ ആത്മീയമായ ധീരതയുടേയും ആഭ്യന്തരമായ ശക്തിയുടേയും അമാനുഷികത കാണിക്കാനും അല്ലാഹു എന്നോടു പറഞ്ഞു. ഈ മൈതാനത്ത് വരാൻ എനിക്കെന്തെങ്കിലും അർഹതയുണ്ടോ. ഇത് അല്ലാഹുവിന്റെ അനുഗ്രഹമൊന്നുമാത്രമാണ്. അവന്റെ അളവറ്റ കാരുണ്യമാണിത്. എന്നെ പോലെയുള്ള നിസാരന്റെ കൈയാൽ അവന്റെ ദീനിന്റെ അന്തസ് വെളിപ്പെടണമെന്ന് അവൻ ആഗ്രഹിക്കുന്നു. 'ഇസ്‌ലാമിനുമേൽ നമ്മുടെ എതിരാളികൾ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങളേയും ആക്രമണങ്ങളേയും ഒരുസമയത്ത് ഞാൻ എണ്ണിക്കണക്കാക്കിയിരുന്നു. അവയുടെ എണ്ണം എന്റെ ഓർമയിൽ മൂവായിരമാകുന്നു.' അവിടന്ന് പറയുന്നു:'ഇപ്പോൾ അതിന്റെ എണ്ണം വീണ്ടും വർധിച്ചിട്ടുണ്ടാകുമെന്ന് ഞാൻ മനസ്സിലാക്കുന്നു.' വീണ്ടും പറഞ്ഞു, 'മൂവായിരം ആക്ഷേപം ഉന്നയിക്കാൻതക്കവണ്ണം ബലഹീനമായ അടിത്തറയിലാണ് ഇസ്‌ലാമുള്ളതെന്ന് ആരും ധരിക്കണ്ട. അല്ല, അങ്ങനെ ഒരിക്കലുമല്ല.'

ബുദ്ധിശൂന്യതയുടേയും അജ്ഞതയുടേയും ദൃഷ്ടിയിലുള്ള ആക്ഷേപങ്ങളാണിത്. എന്നാൽ, ഞാൻ നിങ്ങളോടു സത്യമായും പറയുന്നു: 'ഞാൻ ഈ ആക്ഷേപങ്ങൾ എണ്ണിക്കണക്കാക്കിയപ്പോൾ ഈ ആക്ഷേപങ്ങളുടെ പിന്നിൽ യഥാർഥത്തിൽ വളരെ കൃത്യമായ സത്യസാക്ഷ്യങ്ങളുണ്ടെന്ന് ഞാൻ മനസ്സിലാക്കിയിരുന്നു. അത് ഉൾക്കാഴ്ചയില്ലാത്ത കാരണത്താൽ ആക്ഷേപകർക്ക് കാണാൻ കഴിഞ്ഞില്ല. വാസ്തവത്തിൽ ഇത് അല്ലാഹുവിന്റെ യുക്തിയാണ്. എവിടെയാണോ അന്ധനായ ആക്ഷേപകൻ വന്ന് അറച്ചുനില്ക്കുന്നത് അവിടെ യാഥാർഥ്യങ്ങളുടേയും ദൈവജ്ഞാനങ്ങളുടേയും മറഞ്ഞ ഖജനാവ് വെച്ചിരിക്കുന്നു." (മൽഫൂദാത്ത് വാള്യം 1 പേജ് 59-60, 1985 ലണ്ടൻ പതിപ്പ്)

അല്ലാഹു ഇസ്‌ലാമികമായ പ്രകാശം കാണിക്കുന്നതിനുവേണ്ടി തന്നെ അയച്ചിരിക്കുന്നുവെന്നും ക്രൈസ്തവ മതവിശ്വാസം അവർക്കുതന്നെയും മനസ്സിലാകാത്തതാണെന്നും വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'കഴുത്തിൽ കിടക്കുന്ന ചെണ്ടയാണ് ഇവർ കൊട്ടുന്നത്. ഇവരുടെ വിശ്വാസങ്ങൾ ഏതുവരെ പറഞ്ഞാലും ഇസ്‌ലാം കൊണ്ടുവന്നിട്ടുള്ളതാണ് യാഥാർഥ്യം. ഇസ്‌ലാമിൽനിന്ന് കരസ്ഥമാകുന്ന സത്യാധിഷ്ഠിതപ്രകാശത്തെ കാണിക്കുന്നതിനു അല്ലാഹു എന്നെ നിയമിച്ചിരിക്കുന്നു; സത്യമിതുതന്നെയാണ്. അല്ലാഹു ഉണ്ട്. അവൻ ഏകനാണ്. ഇഞ്ചീലും വിശുദ്ധഖുർആനും എല്ലാ നബിമാരുടേയും ഏടുകളും ലോകത്തില്ലെങ്കിലും അല്ലാഹുവിന്റെ ഏകത്വം സ്ഥാപിതമായിരുന്നു എന്നതാണ് എന്റെ മതം. കാരണം അവന്റെ രേഖാചിത്രങ്ങൾ മനുഷ്യപ്രകൃതിയിലുണ്ടായിരുന്നു. അല്ലാഹുവിന് മകനെ ആസൂത്രണം ചെയ്യൽ അല്ലാഹുവിന്റെ മരണത്തിൽ വിശ്വസിക്കുന്നതുപോലെയാണ്. കാരണം മകനുണ്ടാകുന്നത് അവൻ സ്മാരകമാകുന്നതിനാണ്. ഇനി മസീഹ് അല്ലാഹുവിന്റെ മകനാണെങ്കിൽ അല്ലാഹു മരിക്കുമോ എന്ന ചോദ്യമുണ്ടാകും. ചുരുക്കി പറഞ്ഞാൽ ക്രിസ്ത്യാനികൾ തങ്ങളുടെ വിശ്വാസങ്ങളിൽ ദൈവത്തിന്റെ മഹത്ത്വം പരിഗണിച്ചില്ല, മാനുഷികമായ കഴിവുകളെ ആദരിച്ചുമില്ല. ദൈവികപ്രകാശത്തിന്റെ പിന്തുണ ഇല്ലാത്ത കാര്യങ്ങളാണ് വിശ്വസിച്ചുവച്ചിട്ടുള്ളത്. ദിവ്യാത്ഭുതം കാണിക്കാൻ കഴിവുള്ള ഒരു ക്രിസ്ത്യാനിയെ പോലും കാണാൻ കഴിഞ്ഞിട്ടില്ല. മുഅ്മിനീംകൾ തങ്ങളുടെ വിശ്വാസം അടയാളങ്ങൾകൊണ്ട് സ്ഥാപിക്കുന്നതുപോലെ തന്റെ വിശ്വാസം സ്ഥാപിക്കാനും സാധിച്ചിട്ടില്ല.

ഈ ശ്രേഷ്ഠതയും അന്തസ്സും ഇസ്‌ലാമിന് മാത്രമാണ്. അതായത്, എക്കാലത്തും, അടയാളങ്ങളുടെ പിന്തുണ അതിനോടൊപ്പമുണ്ട്. ഇക്കാലത്തും അല്ലാഹു അതു നിഷേധിച്ചില്ല. ഇസ്‌ലാമിന്റെ പ്രത്യേകതയായ ആ അടയാളങ്ങളുടെ പിന്തുണ ഇക്കാലത്ത് ഇസ്‌ലാമിന്റെ സത്യത ലോകത്തിനുമേൽ പ്രദർശിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ അല്ലാഹു എന്നെ അയച്ചിരിക്കുന്നു.

ഒരു സ്വതന്ത്രമായമനസ്സുംകൊണ്ട് സത്യമെടുക്കുന്നതിനുവേണ്ടി എന്റെ അടുത്ത് വരുന്നവൻ ഭാഗ്യവാൻ. സത്യം കാണുകയും അതു സ്വീകരിക്കുകയും ചെയ്യുന്നവനും ഭാഗ്യവാൻ.'(മൽഫൂദാത്ത് വാല്യം 1 പേജ് 330-331, 1985 ലണ്ടൻ പതിപ്പ്)

ഹദ്റത്ത് ഈസാ(അ)ആകാശത്തു ജീവിച്ചിരിക്കുന്നുവെന്ന മുസ്‌ലീംകളുടെ തെറ്റായ വിശ്വാസങ്ങളെ ഖണ്ഡിച്ചുകൊണ്ട് അതിന്റെ യാഥാർഥ്യമെന്താണെന്ന് മുസ്‌ലീംകളോടു അദ്ദേഹം തുറന്നു പറയുകയുണ്ടായി. ക്രിസ്ത്യാനികൾ മുസ്‌ലീംകളിൽ ഉണ്ടാക്കിത്തീർത്തിട്ടുള്ള തെറ്റായ വിശ്വാസത്തെ വേരോടെ പിഴുതെടുത്ത് വിപാടനം ചെയ്യുന്നതിനുവേണ്ടിയാണ് അല്ലാഹു എന്നെ അയച്ചിട്ടുള്ളത്.' അവിടന്ന് പറയുന്നു:

'ഹദ്റത്ത് ഈസാ(അ)കുരിശിൽനിന്ന് ജീവനോടെ ഇറങ്ങി വന്നതും ആ ദുരന്തത്തിൽനിന്ന് രക്ഷപ്പെട്ടതും വിശുദ്ധ ഖുർആനിൽ ശരിയായതും ഉറപ്പായതുമായ അറിവ് നല്കപ്പെട്ടിരിക്കുന്നു. എന്നാൽ, അഹോ കഷ്ടം! കഴിഞ്ഞ ആയിരം വർഷത്തിൽ ഇസ്‌ലാമിനുമേൽ കഠിനമായ വിപത്തുകൾ വന്നതോടൊപ്പം ഈ പ്രശ്നവും ഇരുട്ടിൽ പതിഞ്ഞു. നിർഭാഗ്യവശാൽ മുസ്‌ലീംകളിൽ ഹദ്റത്ത് മസീഹ് ആകാശത്തിൽ ഉയർത്തപ്പെട്ടുവെന്നും ഖിയാമത്തിനോടടുത്ത് ആകാശത്തുനിന്നും ഇറങ്ങുമെന്നുമുള്ള ചിന്താഗതി രൂഢമൂലമായി. എന്നാൽ, ആഭ്യന്തരമായി മുസ്‌ലീംകളിൽ ഉണ്ടായിട്ടുള്ളതെറ്റുകൾ അകറ്റുന്നതിനും ഇസ്‌ലാമിന്റെ യാഥാർഥ്യം ലോകത്ത് പ്രകടിപ്പിക്കുന്നതിനും ബാഹ്യമായ നിലയിൽ ഇസ്‌ലാമിന്റെമേൽ ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങൾക്ക് മറുപടി നല്കുന്നതിനും മറ്റു നിരർഥമായ മതങ്ങളുടെ സത്യാവസ്ഥ തുറന്നു കാണിക്കുന്നതിനും ഈ പതിനാലാം നൂറ്റാണ്ടിൽ അല്ലാഹു എന്നെ നിയോഗിച്ചയച്ചു; പ്രത്യേകിച്ചും മനുഷ്യന് ഭയാനകമായ നിലയിൽ വിഷവും അവന്റെ ആത്മീയമായ കഴിവുകളുടെ വളർച്ചയ്ക്കും അഭിവൃദ്ധിക്കും ഒരു തടസ്സവുമായിരിക്കുന്ന കുരിശുമതമായ ക്രൈസ്തവമതത്തിന്റെ തെറ്റായ വിശ്വാസങ്ങൾ ചുവടോടെ പിഴുതെറിയുന്നതിന്.'(മൽഫൂദാത്ത് വാല്യം 1 പേജ് 331-332, 1985 ലണ്ടൻ പതിപ്പ്).

ഒരു അവസരത്തിൽ മസീഹിന്റെ ആവശ്യകതയെക്കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'ഈ സമയത്ത് മസീഹിന്റെ വരവിന്റെ ആവശ്യമെന്താണ്?' (ചോദ്യമാണ്). 'മറ്റു കാരണങ്ങളും ആവശ്യങ്ങളും വിട്ടുകളയുകയാണെങ്കിൽത്തന്നെയും മൂസവി പരമ്പരയുടെ സാദൃശ്യത്തിന്റെ അടിസ്ഥാനത്തിലും മസീഹ് വരേണ്ടത് അനിവാര്യമാണ്.' (മറ്റു ആവശ്യങ്ങളെല്ലാം വിട്ടുകളയുക. പക്ഷേ ഹദ്റത്ത് മൂസാ(അ)ന്റെ ഉമ്മത്തുമായി മുസ്‌ലിം ഉമ്മത്തിനുള്ള സാദൃശ്യം നോക്കിയാൽത്തന്നെ മസീഹ് വരേണ്ട ആവശ്യമുണ്ട്). കാരണം ഹദ്റത്ത് മസീഹ്(അ)മൂസാ(അ)യ്ക്കുശേഷം 14-ാം നൂറ്റാണ്ടിലാണ് വന്നിരുന്നത്. ചുരുക്കത്തിൽ ഞാൻ പ്രതിച്ഛായയുടെ ഒരു ഉദാഹരണം സമർപ്പിക്കുകയാണ്. എന്നാൽ, അങ്ങനെയല്ല മസീഹുതന്നെ വീണ്ടും വരുമെന്ന് പറയുന്നവരും എന്തെങ്കിലും ഉദാഹരണം എടുത്തുകാണിക്കേണ്ടതാണ്. അങ്ങനെ എടുത്തുകാണിക്കാൻ കഴിയുന്നില്ലെങ്കിൽ-തീർച്ചയായും അവർക്ക് എടുത്തുകാണിക്കാൻ കഴിയുകയില്ല-കെട്ടുകഥകളിൽ അത്തരം കാര്യം പറയുന്നതെന്തിനാണ്?' (അവ പുതിയതായി നിർമിച്ചുണ്ടാക്കിയ കാരണങ്ങളാണ്.) കെട്ടുകഥകളിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക. കാരണം അത് നാശത്തിന്റെ വഴികളാണ്. അല്ലാഹുവിന്റെ ഒരു റസൂലിനെ നിഷേധിച്ചതുകൊണ്ടാണ് യഹൂദികളുടെമേൽ അല്ലാഹുവിന്റെ ശാപമുണ്ടായത്. അവർ ആലങ്കാരികമായിട്ടുള്ള കാര്യങ്ങളെ യഥാർഥത്തിലുള്ളതെന്ന് ധരിച്ചു എന്നതാണ് ആ നിഷേധത്തിന് അവർക്കുണ്ടായ മുസ്വീബത്ത്."(അതായത് ഒരു സൂചനയുടെ കാര്യമായിരുന്നു, ആലങ്കാരികമായ കാര്യമായിരുന്നു അതിനെ അവർ യഥാർഥത്തിൽ അത് അങ്ങനെ തന്നെ ആകണമെന്ന് മനസ്സിലാക്കി)'അതിന്റെ ഫലമായി അവർ കോപിക്കപ്പെട്ട സമൂഹമായി ത്തീർന്നു. അതിനു സമാനമായിട്ടുള്ള കേസാണ് ഇപ്പോഴുമുള്ളത്.'(അതായത് അവരുടെ അവസ്ഥതന്നെയാണ് ഇപ്പോഴും നിലവിലുള്ളത്.) മുസ്‌ലീംകളുടെ അവസ്ഥ കാണുമ്പോൾ എനിക്കു വേദന തോന്നുന്നു; അവരുടെ മുമ്പിൽ യഹൂദികളുടെ ഒരു മാതൃക ആദ്യമേ ഉള്ളതാണ്. അഞ്ചുനേരവും ഇവർ തങ്ങളുടെ നമസ്കാരങ്ങളിൽ ഗയ്‌രിൽ മഗ്ളൂബി അലയ്ഹിം എന്ന ദുആ ചെയ്യുന്നു. അതുകൊണ്ടുള്ള ഉദ്ദേശ്യം യഹൂദികളാണെന്ന് ഒന്നടങ്കം സമ്മതിക്കുകയും ചെയ്യുന്നു. പിന്നെന്തിനാണ് ആ വഴി സ്വീകരിക്കുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല.' ഒരേ തരത്തിലുള്ള കേസ്. ഒരു നബിയുടെ തിരുസന്നിധയിൽ വിധി വന്നുകഴിഞ്ഞിരിക്കുമ്പോൾ ഇപ്പോൾ ആ വിധിക്കെതിരെ മസീഹിനെ സ്വയം ആകാശത്തുനിന്ന് എന്തിനാണ് ഇറക്കുന്നത്? ആ മസീഹ് തന്നെയാണ് ഏലിയായുടെ കേസിൽ വിധിപറഞ്ഞത്. രണ്ടാമത് വരുമെന്ന് പറഞ്ഞത് പ്രതിച്ഛായ എന്ന നിലയിലായിരിക്കുമെന്ന് സ്ഥാപിച്ചു. അങ്ങനെ ഏലിയായുടെ വർണത്തിൽ യഹ്‌യാ വന്നു. എന്നാൽ, ഇപ്പോൾ ഈ മുസ്‌ലീംകൾ ആ മാതൃകന്‌ലനില്ക്കെ മസീഹിനെ ആകാശത്തുനിന്ന് ഇറക്കാതെ തൃപ്തരാകുന്നില്ല. എന്നാൽ, ഞാൻ പറയുന്നു, നിങ്ങളും നിങ്ങളുടെ എല്ലാ സഹായികളും ഒന്ന് ചേർന്ന് മസീഹ് ആകാശത്തുനിന്ന് ഇറങ്ങുന്നതിന് ദുആ ചെയ്യുക. എന്നിട്ട് നോക്കുക അദ്ദേഹം ഇറങ്ങുന്നുണ്ടോ ഇല്ലേയെന്ന്! ഞാൻ ഉറപ്പായും പറയുന്നു, ജീവിതംകാലം മുഴുവൻ സുജൂദ് ചെയ്തുകൊണ്ടിരുന്നാലും അങ്ങനെ സുജൂദ് ചെയ്ത് ചെയ്ത് നിങ്ങളുടെ മൂക്കുകൾ തേഞ്ഞുപോയാലും അദ്ദേഹം ആകാശത്തുനിന്ന് വരികയില്ല. കാരണം വരേണ്ടയാൾ വന്നു കഴിഞ്ഞിരിക്കുന്നു."(മൽഫൂദാത്ത് വാല്യം 8 പേജ് 3-4, 1985 ലണ്ടൻ പതിപ്പ്).

അഹോ കഷ്ടം!മുസ്‌ലീംകൾ ഈ കാര്യം മനസ്സിലാക്കിയിരുന്നെങ്കിൽ. അല്ലാഹുവിൽനിന്ന് അയക്കപ്പെട്ട വ്യക്തിയെ എതിർക്കുന്നതിനുപകരം അദ്ദേഹവുമായി ചേർന്നുകൊണ്ട് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം ലോകത്ത് നടപ്പിൽ വരുത്തുന്നവരായിത്തീരുകയും എല്ലാ തലങ്ങളിലും നീതിയും സമാധാനവും സ്ഥാപിക്കാൻ ശ്രമിക്കുന്നവരാകുകയും ചെയ്തിരുന്നെങ്കിൽ! മുസ്‌ലീംകൾക്കെതിരിൽ പ്രവർത്തിക്കുന്ന അമുസ്‌ലീംകളും മതമില്ലാത്തവരുമായ വിഭാഗത്തിന് ഇസ്‌ലാമിന്റെ യഥാർഥ ചിത്രം കാണിച്ചുകൊണ്ട് ഈ മുസ്‌ലീംകൾ ഇസ്‌ലാമിന് സേവനം ചെയ്യുന്നവരായിത്തീരുകയാണ് വേണ്ടത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ സത്യത്തിനായി നാലുതരത്തിലുള്ള അടയാളങ്ങൾ വിവരിച്ചുകൊണ്ടു പറയുന്നു:

'ഒന്നാമത്തേത് അറബി പാണ്ഡിത്യത്തിന്റെ അടയാളമാണ്. ഈ വിനീതൻ അറബി ഭാഷയുടെ ഒരു 'സ്വീഗ'(വ്യാകരണത്തിലുള്ള ക്രിയാരൂപം) പോലും അറിയാത്തയാളാണെന്ന് മുഹമ്മദു ഹുസയ്ൻ ബട്ടാലവി എഴുതിയ സമയം മുതൽ എനിക്കു കിട്ടിയതാണത്. വാസ്തവത്തിൽ എനിക്ക് അറബി 'സ്വീഗ' അറിയുമെന്ന് ഞാനൊരിക്കലും വാദിച്ചിട്ടുപോലുമില്ല. അറബി ലേഖനമെഴുത്തിലും ഉപന്യാസരചനയിലും പതിഞ്ഞു കിടക്കുന്നവർക്ക് അതിന്റെ പ്രയാസങ്ങൾ കണക്കുകൂട്ടാൻ സാധിക്കും. അതിന്റെ ഗുണങ്ങൾ ശ്രദ്ധിക്കാൻ സാധിക്കും." അവിടന്നു പറയുന്നു:"എങ്ങനെയാണ് അല്ലാഹു അമാനുഷികമായ നിലയിൽ സഹായം നല്കിക്കൊണ്ടിരുന്നതെന്ന് മൗലവി സാഹിബ്(മൗലവി അബ്ദുൽകരീം സാഹിബ്) തുടക്കം മുതലെ കണ്ടുകൊണ്ടിരുന്നതാണ്. സാധാരണഭാഷയുടെ വാക്ക് സന്ദർഭോചിതം കിട്ടുന്നില്ലെങ്കിൽ വലിയ ബുദ്ധിമുട്ടുകൾ വന്നു ചേരുന്നു. ആ നേരത്ത് അല്ലാഹു ആ വാക്കുകൾ ഇട്ടുതരുന്നു. പുതിയതും കൃത്രിമവുമായ ഭാഷയുണ്ടാക്കാൻ എളുപ്പമാണ്. എന്നാൽ, സാധാരണഭാഷ ദുഷ്കരമാണ്. പിന്നീടു നാം പാരിതോഷികങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് ഗ്രന്ഥങ്ങളെഴുതി പ്രസിദ്ധീകരിച്ചു. ഞാൻ പറഞ്ഞു, നിങ്ങൾ ആരിൽനിന്നുവേണമെങ്കിലും സഹായം എടുത്തുകൊള്ളുക. അറബി മാതൃഭാഷയായിട്ടുള്ളവരേയും കൂടെ ചേർത്തുകൊള്ളുക. എന്നാലും ഒരിക്കലും ഇതിൽ നിങ്ങൾ വിജയിക്കുകയില്ലെന്ന് അല്ലാഹു എനിക്ക് ഉറപ്പു തന്നിരിക്കുന്നു. കാരണം ഈ അടയാളം വിശുദ്ധ ഖുർആന്റെ അത്ഭുതസിദ്ധികൊണ്ട് പ്രതിച്ഛായ എന്ന നിലയിൽ എനിക്കു നല്കപ്പെട്ടതാണ്.

രണ്ടാമത്തേത് 'ദുആയുടെ സ്വീകാര്യതയാണ്. ഞാൻ അറബി ഗ്രന്ഥങ്ങൾ രചിക്കുന്നതിന്നിടയിൽ എത്രത്തോളം അധികമായി എന്റെ ദുആകൾ സ്വീകരിക്കപ്പെടുന്നുവെന്ന് എന്റെ അനുഭവത്തിലൂടെ ഞാൻ കണ്ടിട്ടുള്ളതാണ്. ഓരോരോ വാക്കിലും ദുആചെയ്തു. ഞാൻ നബി(സ)തിരുമേനിയെ മാറ്റി നിറുത്തുകയാണ്. ആ മഹാത്മാവിന്റെ സ്ഥാനം അത്യുന്നതമാണ്."(കാരണം അദ്ദേഹത്തിന്റെ അനുഗ്രഹവും കഴിവുകളും കൊണ്ടുതന്നെയാണ് ഇതെല്ലാം എനിക്കു കിട്ടിയത്). എന്റെ ദുആ എത്രത്തോളം സ്വീകരിക്കപ്പെടുന്നുവെന്നാൽ മറ്റാരുടേയും ഈ രീതിയിൽ സ്വീകരിക്കപ്പെട്ടിട്ടുണ്ടാകുകയില്ലെന്ന് എനിക്ക് പറയാൻ കഴിയും." (നബി(സ)യ്ക്കു പുറമെ മറ്റൊരു നബിയുടേയും ദുആകൾ എന്റേതത്ര സ്വീകരിക്കപ്പെട്ടിട്ടില്ല).പതിനായിരമാണോ, രണ്ടു ലക്ഷമാണോ എന്ന് എനിക്ക് പറയാൻ പറ്റുകയില്ല. സ്വീകാര്യമായ ചില അടയാളങ്ങൾ എങ്ങനെയുള്ളതാണെന്നാൽ ഒരു ലോകംതന്നെ അതറിയുന്നു.

മൂന്നാമത്തേത് പ്രവചനങ്ങളുടേതാണ്. അതായത് അദൃശ്യജ്ഞാനങ്ങളുടെ പ്രകടനം. ജ്യോതിശാസ്ത്രജ്ഞരും ലക്ഷണജ്ഞരും ഊഹിച്ചുകൊണ്ട് ചില കാര്യങ്ങൾ പറയുകയും അതിലെ ചില ഭാഗങ്ങൾ പുലരുകയും ചെയ്യാറുണ്ട്. ഇപ്രകാരം ചരിത്രവും നമ്മളോടു പറയുന്നുണ്ട്, നബി(സ)തിരുമേനിയുടെ കാലത്തും ജ്യോത്സ്യന്മാരുണ്ടായിരുന്നു. അവർ അദൃശ്യകാര്യങ്ങൾ പറഞ്ഞിരുന്നു. സത്വീഹും ഒരു ജ്യോത്സ്യനായിരുന്നു. എന്നാൽ, ആ ഊഹിച്ചുപറയുന്നവരുടേയും ജ്യോത്സ്യക്കാരുടേയും അദൃശ്യജ്ഞാനവും അല്ലാഹുവിൽനിന്നുള്ള ആളുടെ അദൃശ്യജ്ഞാനവും തമ്മിലുള്ള വ്യത്യാസമിതാണ്: മുൽഹമിന്റെ(ഇൽഹാം ഉണ്ടാകുന്ന ആളുടെ)അദൃശ്യത വെളിപ്പെടുമ്പോൾ അത് ദൈവികശക്തിയും ദൈവികമായ ഗാംഭീര്യവും ഉൾക്കൊള്ളുന്നതായിരിക്കും. വിശുദ്ധ ഖുർആനിൽ വ്യക്തമായ നിലയിൽ പറഞ്ഞു, *ലാ യുള്ഹിറു അലാ ഗയ്ബിഹീ അഹദൻ ഇല്ലാ മനിർത്തളാ മിൻ റസൂലിൻ* (72:28)ഇവിടെ ഇള്ഹാർ എന്ന പദം അതിൽ ഒരു ഗാംഭീര്യവും ശക്തിയും ഉൾക്കൊള്ളുന്നുവെന്ന് പ്രകടിപ്പിക്കുന്നു.

നാലാമത്തെ അടയാളം വിശുദ്ധ ഖുർആന്റെ സൂക്ഷ്മജ്ഞാനങ്ങളുടേതും ദൈവജ്ഞാനങ്ങളുടേതുമാണ്. പരിശുദ്ധനായി കഴിഞ്ഞവന്റെ മേലല്ലാതെ ആരുടേയുംമേൽ വിശുദ്ധ ഖുർആന്റെ ജ്ഞാനം തുറക്കപ്പെടുകയില്ല. *ലാ യമുസ്സുഹൂ ഇല്ലൽ മുത്തഹ്ഹറൂൻ.*(56:80) എന്റെ എതിരാളിയും ഒരു സൂറത്തിന്റെ വ്യാഖ്യാനം എഴുതാൻ ഞാൻ പലപ്രാവശ്യവും പറഞ്ഞിട്ടുള്ളതാണ്.

ഞാനും എഴുതുന്നതാണ്. പിന്നീട് അവ രണ്ടും താരതമ്യം ചെയ്യിക്കുക. പക്ഷേ, ആരും തന്റേടം കാണിച്ചില്ല. അയാൾക്ക് അറബിയുടെ ക്രിയകൾപോലും അറിയുകയില്ലെന്നാണ് മുഹമ്മദു ഹുസയ്ൻ തുടങ്ങിയവർ പറഞ്ഞത്. എന്നാൽ, ഗ്രന്ഥങ്ങൾ സമർപിക്കപ്പെട്ടപ്പോൾ ബുദ്ധിശൂന്യവും ബാലിശവുമായ ഒഴികഴിവ് പറഞ്ഞ് അവഗണിച്ചു കളഞ്ഞു; ഇത് അറബിഭാഷയിലെ പതിരുകളാണത്രെ! എന്നാൽ, അറബി ഇതാണെന്ന് പറഞ്ഞ് ഒരു പേജുപോലും അതിനു സമാനമായി എഴുതി സമർപിക്കാൻ കഴിഞ്ഞില്ല.

ചുരുക്കിപ്പറഞ്ഞാൽ ഈ നാലു അടയാളങ്ങളാണ് പ്രത്യേകമായ നിലയിൽ എന്റെ സത്യസാക്ഷ്യത്തിനുവേണ്ടി എനിക്ക് കിട്ടിയിരിക്കുന്നത്.'(മൽഫൂദാത്ത് വാള്യം 1 പേജ് 277-278, 1985 ലണ്ടൻ പതിപ്പ്).

ഹദ്റത്ത് മൗലവി അബ്ദുൽകരീം സാഹിബ് എഴുതുന്നു: 1899 ആഗസ്റ്റ് 17 ന് അദ്ദേഹമെഴുതി: കുറച്ചു ദിവസമായി ബറേലിയിൽനിന്ന് ഒരാൾ ഹദ്റത്തിന്റെ സന്നിധിയിൽ എഴുതി ചോദിച്ചു: റസൂലുല്ലാഹി(സ)ഹദീഥുകളിൽ പറഞ്ഞ അതേ വാഗ്ദത്ത മസീഹാണോ താങ്കൾ? അല്ലാഹുവിനെപിടിച്ച് സത്യം ചെയ്തുകൊണ്ട് ഇതിന് മറുപടിഎഴുതുക!(മൗലവി അബ്ദുൽ കരീം സാഹിബാണ് കത്തുകൾക്ക് മറുപടി എഴുതിയിരുന്നത്. പറയുന്നു:)"ഞാൻ സാധാരണയെന്നപോലെ 'തിർയാഖുൽഖുലൂബ്' എന്ന ചെറുകൃതിയിൽനിന്ന് അതിന് മറുപടി മതിയാകും വിധമുള്ള ഒന്നുരണ്ടു വാക്യങ്ങൾ ഉദ്ധരിച്ച് മറുപടിയെഴുതി. ആ വ്യക്തി അതിൽ സംതൃപ്തനായില്ല."(തൃപ്തിയായില്ല)പിന്നീട് എന്നെ സംബോധന ചെയ്തുകൊണ്ടെഴുതി: 'ഹദ്റത്ത് മിർസാ സാഹിബ് സ്വയം തന്റെ പേനകൊണ്ട് സത്യം ചെയ്ത് ഹദീഥുകളിലും ഖുർആനിലും പറയപ്പെട്ടിരിക്കുന്ന മസീഹ് മൗഊദാണോ അദ്ദേഹമെന്നെഴുതണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.' ഞാൻ വൈകുന്നേരത്തെ നമസ്കാരത്തിനുശേഷം ദവാത്തും ഖലമും കടലാസും ഹദ്റത്ത് സാഹിബിന്റെ മുമ്പിൽ വെച്ചു. ഒരാൾ ഇങ്ങനെ അപേക്ഷിച്ചിരിക്കുന്നുവെന്ന് പറഞ്ഞു. ഹദ്റത്ത് സാഹിബ് ക്ഷണത്തിൽ കടലാസ് കൈയിലെടുത്തു. കുറച്ചുവരികളെഴുതി. ഹദ്റത്ത് മസീഹ് മൗഊദ്(അ)എഴുതി:

"ഞാൻ സത്യം ചെയ്തുകൊണ്ട് ഇതിനു മുമ്പേയും താഴെ കാണുന്ന വിശദീകരണത്തോടെ എന്റെ ഗ്രന്ഥങ്ങളിൽ ജനങ്ങളിൽ വെളിവാക്കിയിട്ടുളളതാണ്, ഇപ്പോൾ ഈ കത്തിലും ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് ആ അല്ലാഹുവിനെ സത്യംകൊണ്ട് ഞാൻ പറയുന്നു, റസൂലുല്ലാഹി(സ) പറഞ്ഞിട്ടുള്ളതായി സഹീഹ് ബുഖാരിയിലും സഹീഹ് മുസ്ലിമിലും മറ്റ് സിഹാഹുകളിലും രേഖപ്പെട്ടുകിടക്കുന്ന ആ മസീഹ് മൗഊദ് ഞാനാകുന്നു. *'വ കഫാ ബില്ലാഹി ശഹീദാ'*-ലേഖകൻ, മിർസാ ഗുലാം അഹ്മദ് അഫിയല്ലാഹു അൻഹു വ അയ്യിദ് 1899 ആഗസ്റ്റ് 17."

മൗലവി സാഹിബെഴുതുന്നു: ഇതു പറയുന്നതുകൊണ്ട് രണ്ടു ഉദ്ദേശ്യമാണ് എനിക്കുള്ളത്. ഒന്ന് നമ്മുടെ ജമാഅത്തിന്റെ ഈമാൻ വർധിക്കുക. ഇവിടെ സന്നിഹിതരായിരിക്കുന്ന ഭാഗ്യവാന്മാർക്ക് സത്യഹൃദയത്തോടെ അംഗീകരിച്ച് പുതിയ ഈമാൻ കിട്ടിയപ്പോഴുള്ള അഭിരുചിയും സന്തോഷവും അവർക്കും ലഭിക്കുക. രണ്ടാമത്തേത് സത്യനിഷേധികളും ദുർഭാവന വെച്ചുപുലർത്തുന്നവരും ഉൾക്കാഴ്ചയോടെയുള്ള ഈ സത്യത്തിൽ സമാധാനപരമായ മനസ്സോടെ ചിന്തിക്കുക. പെരുങ്കള്ളനും കെട്ടിച്ചമച്ച് പറയുന്നവനും പ്രതാപവാനായ അല്ലാഹുവിനെ പിടിച്ച് ഇത്തരം സദസ്സിൽ പരസ്യമായി സത്യം ചെയ്യാൻ തന്റേടമുണ്ടാകുമോ? അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, അല്ലാഹു അക്ബർ. (മൽഫൂദാത്ത് വാള്യം 1 പേജ് 326-327 1985 ലണ്ടൻ പതിപ്പ്).

ജമാഅത്തംഗങ്ങളെ ഉപദേശിച്ചുകൊണ്ട് ഒരു അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "ബയ്അത്തിന്റെ നേരത്ത് കുറച്ചുവാക്കുകൾ തത്തകളെപ്പോലെ കാണാതെ പഠിക്കണം എന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ഒരു ഫലവുമില്ല. ആത്മാവിനെ ശുദ്ധീകരിക്കാനുള്ള അറിവ് സമ്പാദിക്കുക. അതാണ് ആവശ്യം." ആത്മാവിന്റെ പരിശുദ്ധി എന്തുവസ്തുവാണെന്ന് മനസ്സിലാക്കുക. പിന്നീട് നിങ്ങളുടെമേൽ നടപ്പിൽ വരുത്തുകയും ചെയ്യുക)."ഈസാനബിയുടെ വഫാത്ത് -ഹയാത്ത് വിഷയവും കലഹവും വാദപ്രതിവാദവും കൊണ്ട് ചുറ്റിക്കറങ്ങുക എന്നത് നമ്മുടെ ഉദ്ദേശ്യമല്ല. ഇതൊരു നിസാര കാര്യമാണ്. ഇതുകൊണ്ടു കാര്യം അവസാനിക്കുന്നില്ല. ഇതൊരു തെറ്റായിരുന്നു. അത് നാം തിരുത്തി. പക്ഷേ, നമ്മുടെ ജോലിയും നമ്മുടെ ഉദ്ദേശ്യവും ഇപ്പോൾ അതിൽനിന്ന് വളരെ ദൂരത്താണ്. നിങ്ങൾ നിങ്ങളുടെ ഉള്ളിൽ ഒരു മാറ്റമുണ്ടാക്കുകയും തികച്ചും പുതിയൊരു മനുഷ്യനായിത്തീരുകയും ചെയ്യുക എന്നതാണത്. അതുകൊണ്ടു ഈ രഹസ്യം മനസ്സിലാക്കുകയും താൻവേറെയാളാണെന്ന് പറയുംവിധം മാറ്റമുണ്ടാക്കുകയും ചെയ്യേണ്ടത് നിങ്ങളിലുള്ള ഓരോരുത്തർക്കും നിർബന്ധമാണ്." അവിടന്ന് പറയുന്നു:'ഞാൻ വീണ്ടും പറയുന്നു, നമ്മുടെ സഹവാസത്തിൽ ഒരുകാലംവരെ ഇരിക്കാതെ താൻ മറ്റൊരുവൻ ആയിരിക്കുന്നുവെന്ന് ആരും മനസ്സിലാക്കരുത്. അവന് ഫലമുണ്ടാകുകയില്ല." പറഞ്ഞു:"പ്രകൃതിയിലും ബുദ്ധിപരമായ അവസ്ഥയിലും വികാരങ്ങളുടെ അവസ്ഥയിലും ഉന്നതനിലയിലുള്ള ശുദ്ധി ഉണ്ടായാൽ എന്തെങ്കിലും കാര്യമുണ്ട്. ഇല്ലെങ്കിൽ ഒന്നുമില്ല."(മൽഫൂദാത്ത് വാള്യം 2 പേജ് 72-73 1985 ലണ്ടൻ പതിപ്പ്).

പിന്നീട് അവിടന്ന് പറഞ്ഞു, നിങ്ങൾ വിശ്വാസികളാണെങ്കിൽ നന്ദികാണിക്കുക. നന്ദികാണിച്ചുകൊണ്ട് സുജൂദുകൾ ചെയ്യുക. ആ കാലം കാത്തുകാത്തിരുന്ന് നിങ്ങളുടെ മഹാത്മാക്കളായ പൂർവികന്മാരും ധാരാളം ആത്മാക്കളും അതുകാണാനുള്ള താല്പര്യത്തിൽ യാത്രചെയ്തുപോയി.' (അവിടന്ന് മുസ്ലീംകളെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു): ആ കാലം നിങ്ങൾ കണ്ടു. ഇനി അതിനെ ആദരിക്കുകയോ, ആദരിക്കാതിരിക്കുകയോ ചെയ്യേണ്ടത്, അതിൽനിന്ന് ഫലമെടുക്കുകയോ എടുക്കാതിരിക്കുകയോ ചെയ്യേണ്ടത് നിങ്ങളുടെ കൈയിലാണ്. ഞാൻ ഇത് ആവർത്തിച്ചാവർത്തിച്ച് വിവരിക്കുന്നതാണ്. അത് വെളിപ്പെത്തുന്നതിൽനിന്ന് നിന്നുപോകുകയില്ല. കൃത്യ സമയത്ത് സൃഷ്ടികളുടെ നന്മയ്ക്കായി അയക്കപ്പെട്ടവനാണ് ഞാൻ; ദീനിനെ നവമായനിലയിൽ ഹൃദയങ്ങളിൽ സ്ഥാപിക്കുന്നതിനുവേണ്ടി. ദൈവപുരുഷനായ കലീമുല്ലായ്ക്കുശേഷം അയക്കപ്പെട്ട മനുഷ്യനെപോലെ ഞാൻ അയക്കപ്പെട്ടിരിക്കുന്നു. ഹീരോദേസിന്റെ ഭരണകാലത്ത് ധാരാളം പീഢനങ്ങൾ സഹിച്ചതിനുശേഷം അദ്ദേഹത്തിന്റെ ആത്മാവ് ആകാശത്തേക്ക് എടുക്കപ്പെട്ടു. അതുകൊണ്ട് രണ്ടാമത്തെ കലീമുല്ലാഹ് -അദ്ദേഹം യഥാർഥത്തിൽ ഏറ്റവും ആദ്യത്തേതും സയ്യിദുൽ അമ്പിയായുമാണ്-മറ്റു ഫിർഔൻമാരെ ശിക്ഷിക്കാൻ വന്നതാണ്. അദ്ദേഹത്തെ കുറിച്ച് പറഞ്ഞു:*ഇന്നാ അർസൽനാ ഇലയ്ക്കും റസൂലൻ ശാഹിദൻ അലയ്ക്കും കമാ അർസൽനാ ഇലാ ഫിർഔന റസൂലാ*(73:16)തന്റെ പ്രവർത്തനങ്ങളിൽ ഒന്നാം കലീമിന്റെ സദൃശനും എന്നാൽ, പദവിയിൽ അദ്ദേഹത്തെക്കാൾ ഉയർന്നയാളുമായിരുന്ന ഇദ്ദേഹത്തിനും മസീഹിന്റെ ഒരു സദൃശന്റെ വാഗ്ദാനം നല്കപ്പെട്ടിരിക്കുന്നു. ആ മസീഹിന്റെ സദൃശൻ മസീഹുബ്നു മർയമിന്റെ കഴിവും പ്രകൃതിയും പ്രത്യേകതയും പ്രാപിച്ച് അക്കാലത്തെ പോലെ അതേ കാലത്തിനോട് അടുത്തടുത്ത് -അത് ഒന്നാമത്തെ കലീമിന്റെ കാലം മുതൽ മസീഹുബ്നു മർയമിന്റെ കാലം വരെയായിരുന്നു-അതായത് 14-ാം നൂറ്റാണ്ടിൽ ആകാശത്തുനിന്നിറങ്ങി. ആ ഇറക്കം ആത്മീയമായ നിലയിലായിരുന്നു; കയറിയതിനുശേഷം ദൈവസൃഷ്ടികളുടെ പരിഷ്കരണത്തിനായി സമ്പൂർണതപ്രാപിച്ച ആളുകളുടെ ഇറക്കം ഉണ്ടാകുന്നതുപോലെ. മനസ്സിലാക്കുന്നവർക്ക് അടയാളമായിരിക്കുന്നതിനുവേണ്ടി എല്ലാ കാര്യങ്ങളിലും മസീഹുബ്നുമർയം ഇറങ്ങിയ കാലത്തിന്റെ രൂപത്തിലുള്ള അതേ കാലത്ത് ഇറങ്ങി. അതുകൊണ്ട് ദൈവവുമായി പോരാടാതിരിക്കുന്നവനാകാൻ ആരും അയാളെ നിഷേധിക്കുന്നതിൽ ധിറുതി കൂട്ടാതിരിക്കേണ്ടതാണ്. ലോകത്തുള്ള ഇരുൾമുറ്റിയ ചിന്താഗതിക്കാരും പഴയഭാവനയിൽ ഉറച്ചിരിക്കുന്നവരും അദ്ദേഹത്തെ സ്വീകരിക്കുകയില്ല. അവരുടെ തെറ്റുകൾ അവരിൽവെളിവാകുന്ന കാലം അടുത്തുതന്നെ തീർച്ചയായും വന്നെത്തുന്നതാണ്. ലോകത്ത് ഒരു താക്കീതുകാരൻ വന്നു. പക്ഷേ, ലോകം അയാളെ സ്വീകരിച്ചില്ല. എന്നാൽ, അല്ലാഹു അയാളെ സ്വീകരിക്കുകയും ശക്തിമത്തായ ആക്രമണങ്ങളാൽ അയാളുടെ സത്യത്തെ വെളിപ്പെടുത്തുകയും ചെയ്യുന്നതാണ്.'(ഫത്ഹെ ഇസ്ലാം, റൂഹാനീ ഖസായിൻ വാള്യം 3 പേജ് 7-9)

വരേണ്ടുന്ന വാഗ്ദത്ത മസീഹിനെ വിശ്വസിക്കുകയും ബയ്അത്തിനോടൊപ്പം നമ്മുടെ ഉള്ളിൽ പരിശുദ്ധ മാറ്റം ഉണ്ടാക്കുമെന്നും വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ നമ്മുടെമേൽ നടപ്പിൽ വരുത്തുമെന്നും പ്രതിജ്ഞ ചെയ്യുകയും ചെയ്തിട്ടുള്ള നമ്മൾ ഭാഗ്യവാന്മാരാണ്. അവർ ദൃഷ്ടി തിരിച്ച് കടന്നുപോകാതെ നന്ദിയുടെ സുജൂദുകൾ ചെയ്യുന്നവരാണ്. മസീഹ് മൗഊദിന്റെ വെളിപ്പെടലുണ്ടാകുകയും ഇസ്ലാമിന്റെ പുനരുദ്ധാരണത്തിന്റെ ആരംഭം കുറിക്കുകയും ചെയ്ത ഇക്കാലത്ത് അല്ലാഹു നമ്മളെ സൃഷ്ടിച്ചുവെന്നത് അവന്റെ അനുഗ്രഹവും ഔദാര്യവുമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മെ ജീവനുള്ള അല്ലാഹുവുമായി ബന്ധിപ്പിച്ചു. മുമ്പേ കേൾക്കുകയും സംസാരിക്കുകയും ചെയ്തിരുന്നതുപോലെ അവൻ ഇന്നും കേൾക്കുന്നവനും സംസാരിക്കുന്നവനുമാണ്. അതുകൊണ്ട് നമ്മൾ നന്ദി കാണിക്കേണ്ടതാണ്.

ഇതു സംബന്ധമായി മറ്റൊരു കാര്യം കൂടി പറയാനാഗ്രഹിക്കുകയാണ്. കഴിഞ്ഞ ദിവസം മാർച്ച് 23 ഉദ്ധരിച്ചുകൊണ്ട് ചിലയാളുകൾ ഫോണിലും വാട്ട്സ് ആപ്പ് തുടങ്ങിയവയിലും പരസ്പരം മെസേജുകൾ മുഖേന-ഇക്കാലത്തെ രീതിയാണത്-ആശംസകൾ നേരുകയായിരുന്നു. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുവെന്ന ഉദ്ദേശ്യത്തോടെയാണ് ആശംസകൾ നേർന്നിരുന്നത്. ആ മഹാത്മാവിനെ വിശ്വസിച്ചതുകൊണ്ട് നമ്മൾ ഹിദായത്തു ലഭിച്ച മുസ്ലീംകളിൽ ഉൾപ്പെട്ടുവെന്നും തങ്ങൾ ദീനിന്റെ സഹായികളും അതിന്റെ മേന്മകൾ ലോകത്തു പ്രചരിപ്പിക്കുന്നവരും ആയി എന്ന കാര്യത്തിലാണ് അവർ നന്ദി രേഖപ്പെടുത്തുകയും ആശംസകൾ നേരുകയും ചെയ്തത്. അപ്പോൾ തീർച്ചയായും ഈ ആശംസനേരുന്നത് അത് നേരുന്നവരുടെ അവകാശമായിരുന്നു. അതിൽ ഒരു കുറ്റവുമില്ല. അതിൽ ഒരു അനാചാരവുമില്ല.

ആ ആശംസകൾ നേരുന്നവർക്ക് ഒരു സാഹിബ് കത്തെഴുതി തന്റെ സന്ദേശത്തിലൂടെ ശക്തമായി അവരെ തടഞ്ഞതിൽ ഞാൻ അത്ഭുതപ്പെടുകയാണ്. ആ സാഹിബ് പറയുന്നത് ഇത്തരത്തിൽ മറ്റു മുസ്ലീംകൾ അനാചാരങ്ങളിൽ പതിഞ്ഞു കിടക്കുന്നതുപോലെ നിങ്ങളും

EDITOR
H.SHAMSUDDIN
Mobile : +91-84376-99866
Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)
ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
Vol-1 Thursday 28 April 2016 Issue-8

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

ആയിത്തീരുമെന്നാണ്. ആ സാഹിബിനുമേൽ എനിക്ക് ആശ്ചര്യം തോന്നുന്നു. ഞാൻ കരുതുന്നത് അദ്ദേഹത്തിന് ദീനീപരമായ ജ്ഞാനമുണ്ടെന്നാണ്. ജമാഅത്തിന്റെ വ്യവസ്ഥിതിയെ കുറിച്ചുമറിയാം. ഇദ്ദേഹത്തിനെങ്ങനെയാണ് നിങ്ങൾ അനാചാരങ്ങളിൽപ്പെട്ടുപോകുമെന്ന് അഹ്മദികളോടു പറയാൻ കഴിയുക? മറ്റു മുസ്‌ലീംകളുടെ കൈയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ വിശ്വസിക്കുന്ന കാരണത്താൽ അഹ്മദികളുടെ കൈവശമുള്ള ഖിലാഫത്ത് എന്ന അനുഗ്രഹമില്ല. ഏതെങ്കിലും തെറ്റായ കാര്യം അല്ലെങ്കിൽ അനാചാരം നടക്കുന്നതു കണ്ടാൽ ശരിയായ ഖിലാഫത്താണെങ്കിൽ, സത്യഖിലാഫത്താണെങ്കിൽ അതിനെ ഇൻശാഅല്ലാഹ് സ്വയം തടയുന്നതാണ്. പിന്നീട് ഇന്നമൽ അഅ്മാലു ബിന്നിയ്യാത്ത് -നിയ്യത്തുകളുടെ അടിസ്ഥാത്തിലാണ് കർമങ്ങൾക്ക് ഫലം-എന്നതുമുണ്ട്. ജനങ്ങളുടെ ഉദ്ദേശ്യത്തിൽ സംശയിക്കാതിരിക്കേണ്ടതാണ്. ആരെങ്കിലും സദുദ്ദേശ്യത്തോടെയായിരിക്കും മുബാറക്ബാദ് നല്കിയത്. ആ സാഹിബും ഖിലാഫത്തിന്റെ പരിചയ്ക്കു പിന്നിലിരുന്നുകൊണ്ട് സംസാരിക്കേണ്ടതാണ്. ഖിലാഫത്തിന്റെ ചവിട്ടടികളെ മറികടക്കാൻ ശ്രമിക്കരുത്. അങ്ങനെ ആരു ചെയ്താലും അവർ തെന്നിപ്പോകുമെന്ന് ഓർമിക്കുക. പരസ്പരം സഹകരിക്കുക. സ്വയേഷ്ടപരമായ കാര്യങ്ങളെ ജമാഅത്തംഗങ്ങളുടെമേൽ അടിച്ചേല്പിക്കാതിരിക്കാനും അല്ലെങ്കിൽ നടപ്പിൽ വരുത്താനും ശ്രമിക്കാതിരിക്കുക. അത്തരക്കാർക്ക് ഞാൻ ഒരു ഉദാഹരണം നല്കുകയാണ്. ഇത് അങ്ങേയറ്റം തെറ്റായ കാര്യമൊന്നുമല്ല. എന്നാൽ, മുസ്‌ലീംകളിൽ നടന്നുവരുന്ന ചില അനാചാരങ്ങളെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അഭിപ്രായമെന്തായിരുന്നു. ജുമുഅത്തുൽവിദായുടെ അവസരത്തിൽ മുമ്പേ വിട്ടു കളഞ്ഞ നമസ്കാരത്തിന് പകരം നമസ്കരിക്കുന്ന, അല്ലെങ്കിൽ ജുമുഅത്തുൽവിദാ നമസ്കരിച്ചിട്ട് ഇതോടെ മുമ്പേ വിട്ടുകളഞ്ഞ എല്ലാ നമസ്കാരവും മാപ്പാക്കപ്പെട്ടിരിക്കുന്നു എന്ന് ജനങ്ങൾ കരുതുന്ന 'ഖളായെഉമരി'നമസ്കാരത്തെ കുറിച്ച് ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചോദിച്ചു. അവിടന്ന് പറഞ്ഞു, ഇത് വ്യർഥമായ കാര്യമാണ്. ഒരു സംശയവുമില്ല, തികച്ചും വ്യർഥമായ കാര്യമാണ്. എന്നാൽ, പറഞ്ഞു: ഒരിക്കൽ ഒരാൾ ഹദ്റത്ത് അലിയുടെ കാലഘട്ടത്തിൽ സമയമല്ലാത്ത സമയത്ത് നമസ്കരിക്കുകയായിരുന്നു. എന്തുകൊണ്ട് അയാളെ തടയുന്നില്ല എന്ന് ആരോ അലിയോടു ചോദിച്ചു. ഹദ്റത്ത് അലി പറഞ്ഞു: *അറയ്ത്തല്ലദീ യൻഹാ അബ്ദൻ ഇദാ സ്വല്ലാ*(അല്ലാഹുവിന്റെ ഒരു ദാസൻ നമസ്കരിക്കുമ്പോൾ അവനെ തടയുന്നവനെ നീ കണ്ടുവോ?)(96:10,11)എന്ന ആയത്തിന് വി ധേയനായിപ്പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, അതേ! ആരെങ്കിലും മനപ്പൂർവം ഖളായെ ഉമരിയുടെ ദിവസം നമസ്കരിക്കാം എന്നു കരുതി നമസ്കാരം ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ, ചെയതത് അന്യായമാണെങ്കിലും ലജ്ജകൊണ്ട് വിട്ടുപോയ നമസ്കാരത്തിന് പകരമായി നമസ്കരിക്കുന്നെങ്കിൽ നമസ്കരിച്ചോട്ടെ. എന്തിനാണ് വിലക്കുന്നത്? എന്തായാലും ദുആതന്നെയാണല്ലോ ചെയ്യുന്നത്. അതിൽ ഭയം തീർച്ചയായുമുണ്ട്. പിന്നീട് അവിടന്ന് പറഞ്ഞു, നേക്കൂ! വിലക്കുന്നതുകൊണ്ട് നിങ്ങളും ഈ വചനത്തിനു താഴെ വരരുത്.

അതിനാൽ ഫത്വ കൊടുക്കാൻ അർഹതപ്പെട്ടയാൾ ഇത്രമാത്രം സൂക്ഷ്മത പാലിച്ചിരുന്നു. പക്ഷേ, ഈ സാഹിബ് മുബാറക്ബാദ് നല്കിയതിൽ അങ്ങേയറ്റം ഭയപ്പെടുത്തുന്ന വിവരങ്ങളും ഫത്വയും നല്കിക്കൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ മനസ്സിൽ കുറച്ചു സൂക്ഷ്മത ഉണ്ടായിരുന്നെങ്കിൽ അദ്ദേഹം എനിക്കെഴുതേണ്ടതായിരുന്നു. തടയുക എന്നത് ഖലീഫയുടെ ചുമതലയാണ്. ജമാഅത്തുപരമായ വ്യവസ്ഥിതി മുഖേന തടയേണ്ടതാണ്. അല്ലാഹു നമുക്കെല്ലാവർക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗോദ്ദേശ്യം മനസ്സിലാക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും തൗഫീഖ് നല്കുമാറാകട്ടെ.

നമസ്കാരങ്ങൾക്കുശേഷം ഞാൻ ചില ജനാസകളും നമസ്കരിക്കുന്നതാണ്. രണ്ട് ജനാസ ഹാജരാണ്. അതിലൊന്ന് മുസ്‌ലിഹുദ്ദീൻ സഅ്ദി സാഹിബിന്റെ ഭാര്യ മഹ്മൂദ സഅ്ദി സാഹിബയുടേതാണ്. അവർ 2016 മാർച്ച് 22 ന് 94-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. മുസ്‌ലിഹുദ്ദീൻ സഅ്ദി സാഹിബ് മസ്ജിദ് ഫള്ൽ ലണ്ടനിലെ ഇമാമായിരുന്ന പരേതനായ അബ്ദുർറഹീം സാഹിബ് ദർദിന്റെ സഹോദരനാണ്. അദ്ദേഹം ഇവിടെ വലിയ പ്രവർത്തനങ്ങൾ കാഴ്ച വെച്ചിട്ടുണ്ട്. സഅ്ദി സാഹിബ് 1965-ലാണ് വഫാത്തായത്. പരേത 41 വർഷം ദീർഘമായ വൈധവ്യം വളരെ ക്ഷമയോടും നന്ദിയോടും കൂടി കഴിച്ചു. അവരുടെ ഒരു മകൻ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ്(റഹ്)കാലഘട്ടത്തിൽ അവിടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിച്ചിരുന്നു. ഈ മകനും വഫാത്തായി കഴിഞ്ഞിരിക്കുന്നു. അവരുടെ ഒരു മകൻ ജലാലുദ്ദീൻ അക്ബർ സാഹിബ് ഇവിടെ യു.കെ യിൽ നായിബ് സെക്രട്ടറി ളിയാഫത്തായി സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്നു. പരേതയ്ക്ക് ഖിലാഫത്തിനോട് വലിയ ബന്ധവും വിശ്വാസവുമായിരുന്നു. തബ്‌ലീഗ് ചെയ്യാനുള്ള താൽപര്യവും വിശുദ്ധ ഖുർആൻ പഠിക്കാനും പഠിപ്പിക്കാനുമുള്ള കമ്പവും ഉള്ളവരും ദുആ ചെയ്യുന്നവരും ക്ഷമാശീലയും അല്ലാഹുവിനോടു എപ്പോഴും നന്ദി പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നവരുമായിരുന്നു. കഴിഞ്ഞ ആറു വർഷമായി സുഖമില്ലാതെ കിടപ്പിലായിരുന്നു. അക്കാലവും ക്ഷമയോടും നന്ദിയോടുംകൂടി കഴിച്ചു. അല്ലാഹു അവരുടെ ദർജകൾ ഉയർത്തുമാറാകട്ടെ. അവരുടെ തലമുറയിൽ എന്നെന്നും കൂറോടും ആത്മാർഥതയോടുംകൂടി അഹ്മദിയ്യത്ത് നിലനിറുത്തുമാറാകട്ടെ.

രണ്ടാമത്തെ ജനാസ ഖാദിയാനിലെ പരേതനായ ചിരാഗ്ദീൻ സാഹിബിന്റെ മകൻ മാർച്ച് 15 ന് 45-ാം വയസിൽ വഫാത്തായ നൂറുദ്ദീൻ ചിരാഗ് സാഹിബിന്റേതാണ്. അദ്ദേഹത്തിന് ഹൃദയാഘാതമുണ്ടാകുകയും വഫാത്താകുകയും ചെയ്തു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ ബന്ധവും ഖാദിയാനുമായിട്ടായിരുന്നു. 10 വർഷത്തിലധികമായി യു.കെ.യിലായിരുന്നു താമസം. വളരെ സൗമ്യമായ പ്രകൃതമായിരുന്നു. അദ്ദേഹത്തിന്റെ സഹോദരി എഴുതുന്നു: കുട്ടിക്കാലമുതലേ അദ്ദേഹം പട്ടിണി കണ്ടാണ് വളർന്നത്. അതുകൊണ്ട് അല്ലാഹു അദ്ദേഹത്തിന് ജീവിതവിഭവം നല്കിയപ്പോൾ അത്യാഗ്രഹം ഉണ്ടായില്ല. എന്നല്ല ഒരുപാടാളുകളെ സാമ്പത്തികമായി സഹായിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഒരു ഡയറി ലഭിച്ചിട്ടുണ്ട്. അതിൽ 47 ആളുകളെ കുറിച്ച് പറയുന്നുണ്ട്. അവരെ മുടങ്ങാതെ അദ്ദേഹം സഹായിച്ചുകൊണ്ടിരുന്നു. ഒരു അനഹ്മദിയും വലിയ സത്യസന്ധനും മലക്കിനെപ്പോലുള്ള ആളുമായിരുന്നുവെന്ന് പറഞ്ഞ് അദ്ദേഹത്തെ പ്രശംസിക്കുകയുണ്ടായി. നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്നയാളും ഖിലാഫത്തിനോടു അഗാധമായ ബന്ധം പുലർത്തുന്നയാളുമായിരുന്നു. ജമാഅത്തിലെ പുണ്യാത്മാക്കളെ ആദരിക്കുന്ന യുവാവായിരുന്നു. പരേതന്റെ ഉമ്മയും മറ്റു കുടുംബാംഗങ്ങളും ഖാദിയാനിലാണ്. അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. ബന്ധുക്കൾക്ക് ക്ഷമയും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ. പ്രത്യേകിച്ചും അദ്ദേഹത്തിന്റെ മാതാവിന് അല്ലാഹു സമാധാനം നല്കുമാറാകട്ടെ.

ഒരു ജനാസ ഗായിബാണ്. അത് അബ്ദുൽബാരി സാഹിബ് തഹ്സീൽദാർ ബംഗാളിയുടെ ഭാര്യ സയ്യിദ മുബാറക്ക ബീഗം സാഹിബയുടേതാണ്. 2016 മാർച്ച് 20 ന് 83-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. കുറച്ചുകാലമായി സുഖമില്ലായിരുന്നു. ഇവർ ബീഹാറിലാണ് ജനിച്ചത്. അവരുടെ പിതാവ് സയ്യിദ് മൂസാ രിളാ ബീഹാറിലെ ഭാഗൽപൂർ വാസിയായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനിയുടെ കാലഘട്ടത്തിൽ അവരുടെ പിതാവ് 15-ാം വയസ്സിൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. പിന്നീട് ഇവരുടെ വിവാഹം അബ്ദുൽബാരി സാഹിബ് തഹ്സീൽദാറുമായി നടന്നു. പൂർവപാകിസ്താനിലേക്ക് പോകുകയും ചെയ്തു. ഇന്ത്യാവിഭജനത്തിനുശേഷമാണ് ഇവർ അവിടേക്ക് പോയത്. അബ്ദുൽബാരി സാഹിബ്1946-ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ കാലഘട്ടത്തിലാണ് ബയ്അത്ത് ചെയ്തത്. ബംഗ്ലാദേശ് രൂപീകൃതമായതിനുശേഷം ഇവർ റബ്‌വയിലേക്ക് മാറി. ഇവരുടെ ഭർത്താവ് അബ്ദുൽബാരി സാഹിബ് വഖ്ഫെ ജദീദിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന ഫള്ലെ ഉമർ ഹോമിയോപ്പതിക് ഡിസ്പൻസറിയിൽ ഇരുപത് വർഷത്തിലേറെ ജോലി ചെയ്തു. ഇവിടെ അദ്ദേഹത്തിന്റെ മകൻ അബദുൽ ഖാലിഖ് സാഹിബ് ബംഗാളിയുണ്ട്. അദ്ദേഹം തന്റെ ഹൽഖയിൽ നല്ലവണ്ണം അറിയപ്പെടുന്ന വ്യക്തിയാണ്. ജമാഅത്തിൽ നല്ല സേവനം ചെയ്തുകൊണ്ടിരിക്കുന്നു. അബ്ദുൽ ബാരി സാഹിബ് തന്റെ മക്കളെ ഉർദു പഠിപ്പിക്കുന്നതിനുവേണ്ടി തന്റെ ഭാര്യയുടെ കൂടെ റബ്‌വയിൽ അയച്ചിരുന്നു. അവിടെ ബംഗ്ലാദേശിൽ (ഇത് അന്ന് പൂർവ പാക്കിസ്താനായിരുന്നു)ഇവർ ഐശ്വര്യ പൂർണമായി ജീവിക്കുകയായിരുന്നു. ജോലിക്കാരും മറ്റുമുണ്ടായിരുന്നു. പക്ഷേ, കുട്ടികൾക്കുവേണ്ടി അവരുടെ തർബിയ്യത്തിനുവേണ്ടി അവർ ഉർദു പഠിക്കുന്നതിനും ജമാഅത്തിനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനും ഖിലാഫത്തിനോടു ചേർന്നിരിക്കുന്നതിനുംവേണ്ടി റബ്‌വയിൽ വന്നു താമസിച്ചു. ഇങ്ങനെ അദ്ദേഹം വലിയ ത്യാഗമാണ് ചെയ്തത്. അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. ഏതൊരു ഉദ്ദേശ്യത്തിനുവേണ്ടിയാണോ അദ്ദേഹം ത്യാഗം വരിച്ചത്, റബ്‌വയിൽ വന്ന് താമസിച്ചത് ആ ഉദ്ദേശ്യങ്ങൾ നിറവേറ്റാൻ അല്ലാഹു അദ്ദേഹത്തിന്റെ കുട്ടികൾക്ക് തൗഫീഖു നല്കുമാറാകട്ടെ. ഈ മൂന്നു ജനാസയും ഞാൻ പറഞ്ഞതുപോലെ നമസ്കാരങ്ങൾക്കുശേഷം നമസ്കരിപ്പിക്കുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badr, at Fazle-Umar Printing Press Qadian, Harchowal Road Po. Qadian,
Distt. Gurdaspur-143516, Punjab, India. And published at office of the Weekly Badr Moh- Ahmadiyya, Harchowal Road P.o Qadian Distt. Gsp-143516, Punjab. India. Editor:H.Shamsuddin